FOR PRIVATE CIRCULATION ONLY

KERALA CATHOLIC BISHOPS' COUNCIL'S
COMMISSION FOR SOCIAL HARMONY & VIGILANCE

# JAGRATHA NEWS

246th Issue

July, 2016

## പ്രധാന വാർത്തകൾ

കുടുംബങ്ങളുടെ ശുശ്രൂഷ
കാലാനുസൃതമാക്കണം: കെസിബിസി ........ 02

മാധ്യമങ്ങൾ ബന്ധങ്ങളുടെ പാലങ്ങൾ: ........ 03
ഫ്രാൻസിസ് മാർപാപ്പ

കുടുംബസ്നേഹത്തിന്റെ
വിവിധ മാനങ്ങൾ ........ 04
ബിഷപ് ജോസഫ് കല്ലറങ്ങാട്ട്

യോഗാദിനാചരണം: മന്ത്രാലയത്തിലെ തന്ത്രം ........ 05
ഫാ. ജോഷി മയ്യാറ്റിൽ

യോഗ സാംസ്കാരിക അധിനിവേശത്തിന്റെ
ഉപകരണമാകരുത് ........ 05

ക്രിസ്ത്യൻ ന്യൂനപക്ഷ ധനകാര്യ കോർപറേഷൻ
രൂപീകരിക്കണം: ന്യൂനപക്ഷ കമ്മീഷൻ ........ 06

പീഡനത്തിന്റെ ഉമിത്തീയിൽ
പശ്ചിമേഷ്യൻ ക്രൈസ്തവർ ........ 06

വിശ്വാസികളെ വഴി തെറ്റിക്കാൻ സന്നാരാധനഗ്രൂപ്പ് ........ 07

വർഗീയ സംഘർഷങ്ങൾക്കു പിന്നിലെ വിഷജീവികൾ ........ 07

ദൈവവചനത്തിൽ നിന്നും
സ്നേഹത്തിന്റെ സന്തോഷത്തിലേയ്ക്ക് ........ 07
ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ

കെസിബിസി പ്രസ്താവനകൾ ........ 10-11

മാനേജുമെന്റുകളുടെ ഉത്തരവാദിത്വനിർവ്വഹണത്തിൽ
തടസ്സം സൃഷടിക്കരുത് ........ 10

ഭ്രൂണഹത്യക്ക് ലൈസൻസ് കൊടുക്കുവാൻ
കേന്ദ്രസർക്കാർ തയ്യാറാകരുത് ........ 10

പുതിയ കേന്ദ്ര വിദ്യാഭ്യാസനയം ഏകപക്ഷീയമായി
അടിച്ചേല്പിക്കരുത് ........ 11

വാർത്തകൾ ........ 11-15

കെസിബിസി വാർത്തകൾ ........ 15-16



**Chairman**
Bp. Joshua Mar Ignathios

**Vice Chairmen**
Rt. Rev. Stanley Roman
Mar Sebastian Adayanthrath

**Secretary**
Fr. Saju Kuthodiputhenpurayil CST

**Pastoral Orientation Centre**
Palarivattom, Kochi – 25
Phone +91 484 2806262
e-mail: kcbcshvjjj@gmail.com
www.kcbcshvjjj@gmail.com
Blog: Jagrathakcbc.blogspot.com

# കുടുംബങ്ങളുടെ ശുശ്രൂഷ കാലാനുസൃതമാക്കണം: കെസിബിസി

**(കേരളത്തിലെ കത്തോലിക്കാമെത്രാന്മാരുടെ വർഷകാലസമ്മേളനം ജൂൺ 6 മുതൽ 8 വരെ പിഒസിയിൽ വച്ച് നടന്നു. സമ്മേളനം ചർച്ച ചെയ്ത വിഷയങ്ങളുടെ അടിസ്ഥാനത്തിൽ മുന്നോട്ടുവയ്ക്കുന്ന നിർദേശങ്ങൾ:)**



### 1. കുടുംബം

കുടുംബങ്ങളുമായി ബന്ധപ്പെട്ട സഭയുടെ ശുശ്രൂഷകൾ കാലാനുസൃതവും കരുണാപൂർണവുമാകണം. സങ്കീർണമായ സാഹചര്യങ്ങളിലും കാരുണ്യം വെടിയാതിരിക്കാൻ സഭാശുശ്രൂഷകർ ജാഗ്രത പുലർത്തുകയും വേണം. മറ്റുള്ളവരുടെ മനസ്സാക്ഷിക്കു പകരം നില്ക്കാനല്ല, മനസ്സാക്ഷി രൂപീകരിക്കുന്നതിൽ മറ്റുള്ളവരെ സഹായിക്കാനും ക്രിസ്തുമാർഗത്തിൽ നടക്കാൻ അവരോടൊപ്പം നടന്നു സഹായിക്കാനുമാണ് സഭാശുശ്രൂഷകർ ശ്രദ്ധിക്കേണ്ടത്. ഫ്രാൻസിസ് പാപ്പായുടെ സ്നേഹത്തിന്റെ സന്തോഷം എന്ന അപ്പസ്തോലിക പ്രബോധനത്തിന്റെ വെളിച്ചത്തിൽ കേരളത്തിലെ കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയം ചർച്ച ചെയ്യുകയായിരുന്നു കെസിബിസി.

### 2. യോഗാദിനം

ജൂൺ 21-ന് നടക്കുന്ന അന്തർദേശീയ യോഗാദിനത്തോടനുബന്ധിച്ച്, ആയുഷ് മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാർഗരേഖയിലെ നിർദേശങ്ങൾ പുനഃപരിശോധിക്കണം. കേന്ദ്രസർക്കാരിന്റെ ഭാഗമായ ഒരു മന്ത്രാലയം യോഗാപരിശീലനത്തിന്റെ ഭാഗമായി ഒരു പ്രത്യേക മതത്തിന്റെ ആചാരങ്ങളും പ്രാർത്ഥനാരീതികളും മറ്റും എല്ലാവർക്കും ബാധകമാക്കി നടപ്പാക്കാൻ ശ്രമിക്കുന്നത് യോഗാപരിശീലനത്തെ അനാവശ്യ വിവാദങ്ങളിലേക്കു നയിക്കും. ശരീരത്തിന്റെയും മനസ്സിന്റെയും അച്ചടക്കത്തിലൂടെ ഏകാഗ്രതയും ഉന്മേഷവും വർധിപ്പിക്കുന്നതിന് യോഗാ പ്രയോജനകരമാണെങ്കിലും, അതിനെ ഒരു ആധ്യാത്മിക സാധനയായും മോക്ഷമാർഗമായും അവതരിപ്പിച്ച് പൊതുവിദ്യാലയങ്ങളിലും, സർക്കാർ സ്ഥാപനങ്ങളിലും നടപ്പാക്കാനുള്ള സർക്കാരിന്റെ ശ്രമം ഭാരതത്തിന്റെ മതേതര ചൈതന്യത്തിനു ചേർന്നതല്ല.

### 3. ഭവനനിർമ്മാണം

കേരളത്തിൽ ഭവനരഹിതരുടെ എണ്ണം 7.1 ലക്ഷമാണ്. സർക്കാരിന്റെ തന്നെ കണക്കനുസരിച്ച് ഇതിൽ 3.72 ലക്ഷം പേർ സ്വന്തമായി ഭൂമിയുള്ളവരും 3.33 ലക്ഷം പേർ സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്തവരുമാണ്. കൂടാതെ 5.5 ലക്ഷം വീടുകൾ വാസയോഗ്യമല്ലാത്തവിധം തകർന്നവയുമാണ്. ഏകദേശം 12 ലക്ഷം വരുന്ന ഈ വീടുകളുടെ നിർമ്മാണത്തിന് കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായും ജനകീയ സംഘടനകളുമായും സഹകരിച്ച് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയും. ഇക്കാര്യത്തിൽ കത്തോലിക്കാസഭയിലെ രൂപതകളുടെയും സന്ന്യാസസമൂഹങ്ങളുടെയും സാമൂഹിക ക്ഷേമ വിഭാഗങ്ങൾക്ക് കാര്യമായ പങ്കുവഹിക്കാനാവും.

### 4. ജെ.ജെ. ആക്ട്

കേന്ദ്ര വനിതാ-ശിശു വികസന കേന്ദ്രമന്ത്രാലയത്തിന്റേതായി 2015-ൽ പാസാക്കിയ ജെ.ജെ. ആക്ടിലെ നിബന്ധനകൾ കുട്ടികൾക്കുവേണ്ടിയുള്ള ഫ്രീ ബോർഡിങ്ങുകളുടെയും ചാരിറ്റിഹോമുകളുടെയും പ്രവർത്തനം ദുഷ്കരമാക്കും. ഇക്കാര്യത്തിൽ സംസ്ഥാനസർക്കാരിന്റെ അടിയന്തര ശ്രദ്ധയും ഇടപെടലും ഉണ്ടാകണം. ഇത്തരം സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്ന സാഹചര്യമുണ്ടായാൽ സാമ്പത്തികമായി ദുരിതമനുഭവിക്കുന്ന അനേകം കുട്ടികൾക്കു ലഭിക്കുന്ന സൗജന്യ താമസവും ഭക്ഷണവും മാത്രമല്ല, വിദ്യാഭ്യാസ സൗകര്യങ്ങളും നഷ്ടമാകും.

### 5. ദയാവധം

ദയാവധം ഭാഗികമായി നിയമവിധേയമാക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ നീക്കത്തിൽ കെസിബിസി ആശങ്ക രേഖപ്പെടുത്തി. മനുഷ്യന്റെ ദുരിതങ്ങൾക്ക് പരിഹാരം കാണേണ്ടത് മനുഷ്യജീവനെ നശിപ്പിച്ചുകൊണ്ടാകരുത്. മനുഷ്യജീവനുനേരെ

യുള്ള ഏതുതരം കടന്നുകയറ്റവും അധാർമ്മികമാണ്. ഈ നിയമം വൻതോതിൽ ദുരുപയോഗിക്കപ്പെടാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല. ദയാവധം ഭാഗികമായോ പൂർണമായോ നിയമവിധേയമാക്കുന്നത് ഭാരതത്തിന്റെ മൂല്യവിചാരങ്ങൾക്കും സഭയുടെ പ്രബോധനങ്ങൾക്കും നിരക്കുന്നതല്ലെന്നും കെസിബിസി അഭിപ്രായപ്പെട്ടു. ജൂൺ 12 ഞായറാഴ്ച ജീവന്റെ സംരക്ഷണദിനമായി ആചരിക്കാൻ കെസിബിസി ആഹ്വാനം ചെയ്തു.

**6. മദ്യം/മയക്കുമരുന്ന്**

സമൂഹത്തിൽ മദ്യത്തിന്റെ ലഭ്യത വർധിപ്പിക്കുകയോ മദ്യ ഉപഭോഗം പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്ന നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകരുതെന്നും, ഇന്ത്യൻ നിർമ്മിത വിദേശമദ്യങ്ങളുടെ വില്പന ഇപ്പോൾ നിരോധിച്ചിട്ടുള്ള ബാറുകളിൽ ഇത്തരം മദ്യത്തിന്റെ വില്പന പുനഃസ്ഥാപിക്കുന്നതിന് സർക്കാർ കൂട്ടുനില്ക്കുകയോ, അനുമതി നല്കുകയോ ചെയ്യരുതെന്നും കെസിബിസി അഭ്യർത്ഥിച്ചു. ഫലപ്രദമായ നിയന്ത്രണത്തിലൂടെയും ബോധവത്കരണത്തിലൂടെയും മദ്യലഭ്യതയും ഉപഭോഗവും കുറച്ചുകൊണ്ടുവരാൻ സർക്കാർ നടപടി സ്വീകരിക്കണം. മയക്കുമരുന്നിന്റെ ഉപയോഗം വർധിക്കുന്നുവെന്നതും നമ്മെ ആകുലരാക്കണം. ഫലപ്രദമായ പ്രതിരോധ-ബോധവത്കരണ പ്രവർത്തനങ്ങൾ നടക്കുന്നു എന്നുറപ്പുവരുത്തണം.

**7. അക്രമം/വർഗീയത**

സമൂഹത്തിൽ വർധിച്ചുവരുന്ന വർഗീയതയും അക്രമവും നിയന്ത്രിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് ക്രിയാത്മക നടപടികളുണ്ടാകണം. ജനാധിപത്യമാർഗത്തിലൂടെ മതേതര മൂല്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ശ്രമങ്ങൾ എല്ലാഭാഗത്തു നിന്നും ഉണ്ടാകണം.

**8. വിദ്യാഭ്യാസം**

എയ്ഡഡ് സ്കൂളുകളിൽ സ്റ്റാഫ് ഫിക്സേഷന്റെ ഭാഗമായുണ്ടാകുന്ന ഒഴിവുകളിൽ, മാനേജുമെന്റുകളുടെ അറിവോ സമ്മതമോ, കൂടാതെ പ്രൊട്ടക്ടഡ് ടീച്ചേഴ്സിനെ നിയമിക്കുന്നതിനുള്ള നീക്കം പ്രതിഷേധാർഹമാണ്. ഇത് സർക്കാരും മാനേജുമെന്റുകളുമായി ഉണ്ടാക്കിയിട്ടുള്ള ധാരണയിലെ വ്യവസ്ഥകളുടെ ലംഘനവും മാനേജുമെന്റിന്റെ അവകാശത്തിന്മേലുള്ള കടന്നുകയറ്റവും, ന്യൂനപക്ഷ അവകാശങ്ങളുടെ ലംഘനവുമാണ്. വിദ്യാഭ്യാസ മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്ന ഇത്തരം നടപടികൾ പുനഃപരിശോധിക്കാൻ പുതിയ സർക്കാർ തയ്യാറാകണം.

**9. ഫാ. ടോം ഉഴുന്നാലിൽ**

യമനിൽ ഭീകരുടെ തടവിൽ കഴിയുന്ന ഫാ. ടോം ഉഴുന്നാലിലിന്റെ മോചനം അനിശ്ചിതമായി നീളുന്നതിൽ കെസിബിസി ആശങ്ക രേഖപ്പെടുത്തി. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആത്മാർത്ഥമായ ശ്രമം തുടർന്നും ഇക്കാര്യത്തിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**10. അവയവദാനം**

അവയവദാനം ധീരമായ ഒരു കാരുണ്യ പ്രവൃത്തിയാണ്. ബിഷപ് ജേക്കബ് മുരിക്കന്റെയും മറ്റനേകരുടെയും സമാനമായ പ്രവൃത്തികളെ കത്തോലിക്കാസഭയും കേരളസമൂഹവും വിലമതിക്കുന്നു. ജീവനെയും പ്രകൃതിയെയും സംരക്ഷിക്കാനുള്ള എല്ലാ ശ്രമങ്ങളും വിലമതിക്കപ്പെടേണ്ടതാണ്.

**11.** കേരള സമുദ്രാതിർത്തിയിൽ വിദേശട്രോളറുകളെ മീൻപിടിക്കാൻ അനുവദിക്കുന്നത് കടലിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥയെയും തന്മൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികളെയും ദോഷകരമായി ബാധിക്കും. ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉചിതമായ നടപടിയുണ്ടാകണം.

**12.** റബ്ബർകർഷകരുടെ പ്രശ്നങ്ങൾ പരിഹാരമില്ലാതെ തുടരുകയാണ്. ഇക്കാര്യത്തിൽ ഇടതുപക്ഷ സർക്കാർ കാര്യക്ഷമമായി ഇടപെടൽ നടത്തുമെന്നു പ്രതീക്ഷിക്കുന്നു.

പുതിയ സർക്കാരിന്റെ ക്രിയാത്മകവും ജനോപകാരപ്രദവുമായ നടപടികൾക്ക് കത്തോലിക്കാസഭ പിന്തുണ നല്കും.

# മാധ്യമങ്ങൾ ബന്ധങ്ങളുടെ പാലങ്ങൾ: ഫ്രാൻസിസ് മാർപാപ്പ

ഇത് കരുണയുടെ വിശുദ്ധവത്സരമാണ്. കരുണയും സാമൂഹിക സമ്പർക്കവും തമ്മിൽ ഉളവാകേണ്ട ബന്ധത്തെക്കുറിച്ച് നമുക്കു പരിചിന്തനം ചെയ്യാം. കരുണയുടെ പിതാവിന്റെ സാക്ഷാത്തായ അവതാരമാണ് ക്രിസ്തു. ആ ക്രിസ്തുവിനോട് ചേർന്ന് സഭ സത്തയിലും കർമ്മത്തിലും കരുണ പ്രാവർത്തികമാക്കേണ്ടതുണ്ട്. അതാണ് അവളുടെ വ്യതിരിക്തതയുടെ അടയാളം. സഭാമക്കളെന്നനിലയിൽ നാം പറയുന്നതും ചെയ്യുന്നതും നമ്മുടെ ഓരോ വാക്കും ചലനവും ദൈവിക കരുണയെ, ആർദ്രതയെ പൊറുക്കുന്ന സ്നേഹത്തെ വെളിപ്പെടുത്തേണ്ടിയിരിക്കുന്നു. സ്നേഹത്തിന്റെ തനതുഭാവംതന്നെ ബന്ധമാണ്. സമ്പർക്കവും വിനിമയവുമാണ്. അതു തുറവിയിലേക്കും പങ്കുവയ്ക്കലിലേക്കും നയിക്കുന്നു. നമ്മുടെ ഹൃദയവും പ്രവൃത്തികളും ഉപവിയാലും ദൈവസ്നേഹത്താലും പ്രചോദിതമെങ്കിൽ നമ്മുടെ സമ്പർക്കങ്ങളും വിനിമയങ്ങളും ദൈവശക്തിയുടെ സ്പർശമുള്ളതായിരിക്കും.

ദൈവമക്കളെന്നനിലയിൽ എല്ലാവരും പരസ്പര സമ്പർക്കത്തിനും വിനിമയത്തിനും വിളിക്കപ്പെട്ടവരാണ്. ആരും ഈ ദൗത്യത്തിൽനിന്നും ഒഴിവാക്കപ്പെടുന്നില്ല. സഭയുടെ ഓരോ വാക്കും പ്രവൃത്തിയും വ്യതിരിക്തത പുലർത്തിക്കൊണ്ടുതന്നെ കരുണയെ അറിയിക്കുവാൻ, ഹൃദയങ്ങളെ സ്പർശിക്കുവാൻ, ജീവിത സമ്പൂർണതയിലേക്കുള്ള തീർത്ഥയാത്രയിൽ നിലനിർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ജീവിതത്തിന്റെ സമ്പൂർണത എല്ലാവർക്കും നല്കാനാണ് പിതാവ് തന്റെ പുത്രനായ യേശുവിനെ ഈ ലോകത്തിലേക്കയച്ചത്.

ഇരുകരകളെയും യോജിപ്പിക്കാൻ പണിയുന്ന പാലമാണ് മാധ്യമങ്ങൾ. വ്യക്തികൾ തമ്മിലും കുടുംബങ്ങൾ തമ്മിലും പാലം തീർക്കാൻ വാക്കുകൾക്കു കഴിയും സാമൂഹിക സഖ്യങ്ങളും രാഷ്ട്രങ്ങളും തമ്മിൽ ബന്ധമുണ്ടാക്കാനും അതിനു സാധിക്കും. പദാർഥിക ലോകത്തും ഡിജിറ്റൽ ലോകത്തും ഇതു സാധ്യമാണ്. അഭിശാപത്തിന്റെയും പ്രതികാരത്തിന്റെയും വിഷമ വൃത്തങ്ങളിൽനിന്ന് സ്വതന്ത്രരാവാൻ സഹായിക്കുന്നതായിരിക്കണം നമ്മുടെ വാക്കുകളും പ്രവൃത്തികളും. കാരണം, ഇന്നു വ്യക്തികളും, രാഷ്ട്രങ്ങളും അവയുടെ കെണിയിലാണ്. പ്രതികാരഭാവം, അതിശക്തമായ വെറുപ്പ് വളർത്തുന്നു. ക്രിസ്ത്വനുയായികളുടെ വചസ്സുകൾ ഒരുമയും ഐക്യത്തെയും അഭംഗുരം പ്രോത്സാഹിപ്പിക്കുന്നതായിരിക്കണം സമൂഹികസമ്പർക്കമാധ്യമങ്ങളുടെ കരുത്ത് കരുണയിലധിഷ്ഠിതമായിരിക്കണം....

**(ഫ്രാൻസിസ് പാപ്പയുടെ മാധ്യമദിന സന്ദേശം, 2016)**

# കുടുംബസ്നേഹത്തിന്റെ വിവിധ മാനങ്ങൾ

**(ഫ്രാൻസീസ് പാപ്പായുടെ 'സ്നേഹത്തിന്റെ സന്തോഷം' എന്ന പ്രബോധനരേഖയുടെ പഠനത്തിന്റെ രണ്ടാം ഭാഗം)**



**ബിഷപ്**
**ജോസഫ് കല്ലറങ്ങാട്ട്**

ഫ്രാൻസിസ് മാർപാപ്പ പുറപ്പെടുവിച്ച പ്രബോധനരേഖയുടെ നട്ടെല്ലായി വർത്തിക്കുന്ന നാലാം അധ്യായം (89–164 ഖണ്ഡികകൾ) കുടുംബസ്നേഹത്തെക്കുറിച്ചുള്ള സമഗ്രമായ വിശകലനമാണ്. വി.പൗലോസിന്റെ സ്നേഹഗീതത്തെ (1 കൊറി, 13) വിശകലനം ചെയ്തുകൊണ്ടാണു പ്രബോധനരേഖ കുടുംബസ്നേഹത്തിന്റെ വിവിധമാനങ്ങൾ അവതരിപ്പിക്കുന്നത്.

ദാമ്പത്യ സ്നേഹത്തിന്റെ ഫലം കുഞ്ഞുങ്ങളാണെന്ന സത്യം അഞ്ചാം അധ്യായം (165–198 ഖണ്ഡികകൾ) അനാവരണം ചെയ്യുന്നു. ദമ്പതികളുടെ സ്നേഹം പ്രജനനത്തിനു വേണ്ടി മാത്രമാണെന്ന സങ്കുചിത ചിന്താഗതിയെ തിരുത്തുന്ന മാർപാപ്പ വിവാഹത്തിന്റെ യഥാർഥ ഫലം മക്കളാണെന്ന പരമ്പരാഗത വിശ്വാസത്തെ ഈ അധ്യായത്തിൽ ഊന്നിപ്പറയുകയും ചെയ്യുന്നു.

നവമായ കുടുംബദർശനങ്ങൾ മൂല്യാധിഷ്ഠിതവും ശാശ്വതമായി നിലനിൽക്കുന്നതുമാകാൻ ദമ്പതികൾക്കു ലഭിക്കേണ്ട പരിശീലനത്തെക്കുറിച്ചാണ് ആറാം അധ്യായം (198–259 ഖണ്ഡികകൾ) വിശകലനം ചെയ്യുന്നത്. നവസംസ്കൃതി കുടുംബജീവിതത്തിൽ ഉയർത്തുന്ന വെല്ലുവിളികളോടും കാലോചിതമായി സംവദിക്കാനും ദമ്പതികളെ ശരിയായ ദിശയിൽ നയിക്കാനും ആവശ്യമായ പരിശീലനം അജപാലകർക്കു ലഭിക്കേണ്ടതിന്റെ ആവശ്യകതയും ഈ അധ്യായം ഊന്നിപ്പറയുന്നു, വിവാഹത്തിലേക്കു പ്രവേശിക്കുന്നതിന് ഒരുക്കമായുള്ള പരീശീലന ക്ലാസുകൾപോലെ, വിവാഹിതരായ ദമ്പതികൾക്കു ദാമ്പത്യത്തിന്റെ ആദ്യവർഷങ്ങളിൽ സഭ പിന്തുണ നൽകേണ്ടതുണ്ട്. കുടുംബജീവിതത്തിന്റെ അസ്വസ്ഥതകളുടെ സിംഹഭാഗവും ആരംഭിക്കുന്ന ദാമ്പത്യത്തിന്റെ ആദ്യവർഷങ്ങളിൽ ദമ്പതികളെ അനുയാത്രചെയ്യാനും ആവശ്യമായ മാർഗനിർദേശങ്ങൾ നൽകാനും അജപാലകർക്കു കഴിയണം.

വിവാഹ ഒരുക്ക കോഴ്സുകളുടെ പ്രാധാന്യം, വിവാഹം കഴിഞ്ഞ യുവ ഭാര്യഭർത്താക്കന്മാരെ അനുധാവനം ചെയ്യേണ്ടതിന്റെ ആവശ്യകത, ഉത്തരവാദിത്തപൂർണമായ മാതൃത്വവും പിതൃത്വവും തുടങ്ങിവയെല്ലാം ഇതിൽ നിർണായകമായ സ്ഥാനം പിടിച്ചിട്ടുണ്ട്. ഓരോ പ്രതിസന്ധിയും ഓരോ പാഠം പഠിപ്പിക്കുന്നുണ്ട് (232). വിവാഹാബന്ധം വേർപിരിയൽ പൈശാചികമാണ്. അജപാലകരുടെ ദൗത്യം വിവാഹബന്ധത്തെ ശക്തിപ്പെടുത്തലാണ്. മുറിവുകൾ വച്ചുകെട്ടുക, സുഖപ്പെടുത്തുക എന്നീ വലിയ അജപാലന ഉത്തരവാദിത്വം മറക്കരുത്. വിവാഹബന്ധം വേർപിരിയൽ എന്ന രോഗം പടരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും പാപ്പാ ആഹ്വാനം ചെയ്യുന്നു(246).

കുഞ്ഞുങ്ങളെ വിശ്വാസത്തിലും സന്മാർഗത്തിലും മാനുഷികമൂല്യങ്ങളിലും വളർത്തിയെടുക്കാൻ മാതാപിതാക്കൾക്കുള്ള ഉത്തരവാദിത്വത്തെയാണ് ഏഴാം അധ്യായം വിശദമാക്കുന്നത്. ഈ പ്രബോധനരേഖയുടെ ഏറ്റവും നവീന ആശയങ്ങൾ അവതരിപ്പിക്കുന്നത് എട്ടാം അധ്യായത്തിലാണ്( 291–312). മനുഷ്യസഹജമായ ബലഹീനതകൾ കുടുംബജീവിതത്തിന്റെയും സഹജഭാവമാണെന്നതും പാപ്പാ ഇവിടെ ചൂണ്ടിക്കാണിക്കുന്നു. മാനുഷികമായ ബലഹീനതകളെ ശരിയായ ദിശയിൽ നയിക്കാനും അവയെ വിവേചിച്ചറിയാനും കുറവുകൾ ഉള്ളവരെ കണ്ടെത്തി അവരെ സഭയുടെ മുഖ്യധാരയുമായി സമന്വയിപ്പിക്കുവാനുമുള്ള അജപാലന വെല്ലുവിളി സഭയുടെ മുന്നിൽ വയ്ക്കുന്നു എന്നതാണ് ഈ പ്രബോധനരേഖയുടെ ഏറ്റവും ശക്തമായ പ്രായോഗികമാനം.

ആദ്യ വിവാഹം വേർപിരിഞ്ഞു പിന്നീട് സഭാനിയമാനുസൃതമല്ലാതെ സിവിൽ വിവാഹത്തിലൂടെ ഒന്നിച്ചു ജീവിക്കുന്നവർക്കു പരിശുദ്ധ കുർബാന കൊടുക്കാമോ ഇല്ലയോ എന്ന തർക്ക വിഷയം പാപ്പാ നേരിട്ടു കൈകാര്യം ചെയ്യുന്നില്ല. അവരോട് വളരെ അടുത്ത സമീപനം പുലർത്തി അജപാലകർ അവർക്കു സഭയിലും സമൂഹത്തിലുമുള്ള സ്ഥാനം ഉറപ്പുവരുത്തണം. അവരെ വിവിധങ്ങളായ സഭാശുശ്രൂഷകളിൽ പങ്കെടുപ്പിക്കണം. അവർ സഭയ്ക്കു പുറത്തല്ല, അവർ സഭയിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം. അവരുടെ കുട്ടികളുടെ നേർക്കും തത്തുല്യമായ സമീപനം വേണം(299) പാപ്പാ അജപാലനപരമായ കരുണയുടെ ഒരു ലോജിക് കാണിച്ചുതരികയാണ്. ചില പ്രത്യേക സാഹചര്യങ്ങളിൽ കാരുണ്യം കാണിക്കുന്നത് ഒരു സമ്പൂർണ സത്യ ത്തെ ചെറുതാക്കി കാണിക്കലല്ല. വിവാഹബന്ധത്തിൽ വന്ന പരാജയങ്ങൾ തിരുത്തുന്നതിനേക്കാൾ വിവാഹബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുവാൻ പാപ്പാ ആഹ്വാനം ചെയ്യുന്നു.

കുടുംബജീവിതത്തിന്റെയും വിവാഹത്തിന്റെയും ആധ്യാത്മികതയെ വിശകലനം ചെയ്യുന്ന ഒമ്പതാം അധ്യായം (313–325) മേൽപറഞ്ഞ വസ്തുതകൾക്കു പ്രായോഗിക മാനം നല്കുന്നു. ഒരു കുടുംബവും സ്വർഗത്തിൽനിന്നു താഴോട്ട് നേരിട്ട് ഇറങ്ങിവന്നതല്ല. കുടുംബം നിരന്തരമായി സ്നേഹത്തിലും കരുതലിലും വളരണം. നമ്മെക്കാളും നമ്മുടെ കുടുംബത്തെക്കാളും വലിയ കാര്യങ്ങളിലേക്കും നാം വളരണം. ഓരോ കുടുംബവും ഇതുപോലെ വളരണം. കുടുംബമായി യാത്ര ചെയ്യണം.

# യോഗാദിനാചരണം: മന്ത്രാലയത്തിലെ തന്ത്രം

മന്ത്രങ്ങൾ അറിയുന്നവനെ തന്ത്രിയെന്നും തന്ത്രങ്ങൾ അറിയുന്നവനെ മന്ത്രിയെന്നും വിളിക്കുന്ന ഭാഷാവൈപരീത്യത്തെക്കുറിച്ച് ഈയിടെ സോഷ്യൽ മീഡിയയിൽ ആരോ പോസ്റ്റ് ചെയ്തതു കണ്ടു. ഈ നിരീക്ഷണം അത്ര കൃത്യമല്ല എന്ന് ഇപ്പോൾ തെളിഞ്ഞിരിക്കുകയാണ്. മന്ത്രവും തന്ത്രവും തമ്മിലും തന്ത്രിയും മന്ത്രിയും തമ്മിലും യാതൊരു വ്യത്യാസവുമില്ലെന്നു തെളിയിക്കാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്കു സാധിച്ചിരിക്കുന്നു!

അന്താരാഷ്ട്ര യോഗാദിന സർക്കുലറാണ് കേന്ദ്രമന്ത്രിയുടെ താന്ത്രികമന്ത്രങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നത്. ഭാരതത്തിലെ സകലമാന വിദ്യാഭ്യാസകേന്ദ്രങ്ങളിലും അന്ന് യോഗാഭ്യസനം നടത്തിയിരിക്കണമെന്നാണു മന്ത്രാലയത്തിന്റെ കല്പന. കഴിഞ്ഞ വർഷം ആരംഭിച്ച ഈ ഏർപ്പാട് ഏവരും സഹർഷം നടപ്പിലാക്കിയതാണ്. ഒരു പുരാതനകലയും അഭ്യാസവുമായ യോഗാ വിദ്യാർത്ഥികൾ പഠിക്കുന്നതിൽ സന്തോഷമല്ലേയുള്ളൂ. എന്നാൽ, കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇപ്രാവശ്യം ആയുഷ് മന്ത്രാലയത്തിന്റെ കല്പനയ്ക്ക് ലേശം വ്യത്യാസമൊക്കെ വന്നിട്ടുണ്ട്. ചൊല്ലാനുള്ള വേദമന്ത്രങ്ങളും പ്രാർത്ഥനകളും കൈവരിക്കാനുള്ള നിർവാണവും വരെ വ്യക്തമാക്കിയിട്ടുണ്ട് ആയുഷ് മന്ത്രാലയം പുറപ്പെടുവിച്ച സർക്കുലറിൽ.

സത്യത്തിൽ, ഈയുള്ളവന് മന്ത്രാലയത്തിന്റെ അർത്ഥം പിടികിട്ടിയത് ഇപ്പോഴാണ്. മന്ത്രങ്ങൾ പഠിപ്പിക്കാനുള്ള ആലയം! ആയുഷ് മന്ത്രാലയം എന്താണെന്നു ചിന്തിച്ചു തലപുണ്ണാക്കിയ സകലമാന പൗരന്മാർക്കും ഇപ്പോൾ കാര്യം ഏതാണ്ടു പിടികിട്ടാൻ തുടങ്ങിക്കാണും. ആയുസ്സ് തികഞ്ഞു മോക്ഷംപ്രാപിക്കാൻ വേണ്ട മന്ത്രങ്ങൾ ഇന്ത്യക്കാരെ – വേണമെങ്കിൽ സായിപ്പിനെയും – പഠിപ്പിക്കാൻ അവരുടെ ആത്മീയകാര്യങ്ങളെപ്പറ്റി വ്യഗ്രതയുള്ള ബിജെപി ഗവൺമെന്റിന്റെ അത്യാധുനിക കണ്ടുപിടുത്തമാണത്. മനുഷ്യന്റെ ആത്മാവിനെക്കുറിച്ച് ഇത്രമാത്രം കരുതലുള്ള മറ്റേതൊരു ജനാധിപത്യ ഭരണകൂടമാണ് ഇന്നു ലോകത്തിലുള്ളത്? മഹാരോഗമെന്നു സംഘികൾ കരുതുന്ന മതേതരത്വത്തിന്റെ ആയുസ്സൊടുങ്ങാൻ പാവം ആയുഷ് മന്ത്രാലയം എന്തുമാത്രം പണിയെടുക്കണം! ഏതായാലും, യോഗ പരിശീലിക്കുന്നതിന്റെ ഫലമായി ഉണ്ടാകാവുന്ന അപകടത്തിനോ നഷ്ടത്തിനോ യാതൊരുവിധ ഉത്തരവാദിത്വമോ ബാധ്യതയോ മന്ത്രാലയത്തിനുണ്ടാവില്ലെന്ന മുന്നറിയിപ്പ് സർക്കുലറിന്റെ തുടക്കത്തിലേ നല്കിയതു നന്നായി.



**ഫാ. ജോഷി മയ്യാറ്റിൽ**
പി.ഒ.സി പാലാരിവട്ടം

# യോഗ സാംസ്കാരിക അധിനിവേശത്തിന്റെ ഉപകരണമാകരുത്

**2014** സെപ്റ്റംബർ 27ന് ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് ജൂൺ 21 അന്താരാഷ്ട്ര യോഗദിവസമായി ആചരിക്കണമെന്ന നിർദേശം മുന്നോട്ടുവെച്ചത്. മനസ്സിന്റെയും ശരീരത്തിന്റെയും ഏകതയെ പ്രതിനിധാനംചെയ്യുന്ന, 50000 വർഷം പഴക്കമുള്ള, മഹത്തായ പാരമ്പര്യത്തിന്റെ ഭാഗമാണ് യോഗ എന്ന് പ്രധാനമന്ത്രി ആ പ്രഭാഷണത്തിൽ പറഞ്ഞു. മനുഷ്യന്റെ പൊതുസ്വത്തായ ഈ പൈതൃകം മുഴുവൻ ലോകജനതയുടെയും ജീവിതശൈലിയുടെ ഭാഗമാവുക എന്ന ലക്ഷ്യംവെച്ചുകൊണ്ടാണ് അന്താരാഷ്ട്ര യോഗദിനം എന്ന കാഴ്ചപ്പാട് പ്രധാനമന്ത്രി മുന്നോട്ടുവെക്കുന്നത്. 2014 ഡിസംബർ 11ന് ചേർന്ന യു.എൻ ജനറൽ അസംബ്ലി ഈ നിർദേശം സ്വീകരിക്കുകയും 2015 ജൂൺ 21 അന്താരാഷ്ട്ര യോഗദിനമായി ആചരിക്കുക എന്ന പ്രമേയം അംഗീകരിക്കുകയും ചെയ്തു. അങ്ങനെ കഴിഞ്ഞ വർഷം ആദ്യ അന്താരാഷ്ട്ര യോഗദിനം വർധിച്ച ആർഭാടത്തോടെ ഇന്ത്യയിൽ ആചരിച്ചു. ലോകത്തിന്റെ പല ഭാഗങ്ങളിലും അന്നേ ദിവസം യോഗ പരീശീലന പരിപാടികൾ നടന്നു. പ്രധാനമന്ത്രിതന്നെ മുന്നിട്ടിറങ്ങിയാണ് പരിപാടികൾക്ക് നേതൃത്വം നൽകിയത്.

ഇത്തവണയും ജൂൺ 21 യോഗദിനമായി ആചരിക്കാൻ കേന്ദ്ര ആയുഷ് വകുപ്പിന്റെ നിർദേശമുണ്ടായിരുന്നു. പ്രസ്തുത നിർദേശത്തിന്റെ ഭാഗമായി സംസ്ഥാന ആയുഷ് വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് നടന്ന സംസ്ഥാനതല യോഗദിനാചരണ ഉദ്ഘാടന പരിപാടി വലിയ വിവാദങ്ങൾ ക്ഷണിച്ചുവരുത്തിയിരിക്കുകയാണ്. സംഗച്ഛധ്വം സംവദധ്വം സംവോമനാംസി ജാനതാം... എന്ന ഋഗ്വേദത്തിലെ ഏക്യ സൂക്തത്തിലെ മന്ത്രങ്ങൾ ചൊല്ലിയാണ് യോഗ പരിപാടികൾ ആരംഭിച്ചത്. പരിപാടിയിൽ പങ്കെടുത്തവരെക്കൊണ്ട് ഉദ്യോഗസ്ഥർ ഇത് ചൊല്ലിക്കുകയായിരുന്നു. ഉദ്ഘാടകയായ സംസ്ഥാന ആരോഗ്യ മന്ത്രി കെ.കെ.ശൈലജ തന്നെ ഈ നടപടിയെ ചോദ്യംചെയ്യുകയും വിമർശിക്കുകയും ചെയ്തു. മതേതര സർക്കാറിന് കീഴിൽ നടക്കുന്ന പരിപാടി മതേതര മുദ്രകളോടെയായിരിക്കണം നടത്തേണ്ടത് എന്നായിരുന്നു മന്ത്രിയുടെ പക്ഷം. വിവിധ മതവിശ്വാസികളും വിശ്വാസമില്ലാത്തവരും യോഗയിൽ പങ്കെടുക്കുന്നുണ്ട്. അങ്ങനെയിരിക്കെ ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിന്റെ മാത്രം കീർത്തനം ചൊല്ലുന്നത് ശരിയല്ല എന്നതായിരുന്നു മന്ത്രിയുടെ പക്ഷം. **(മാധ്യമം, 23/6/2016)**

# ക്രിസ്ത്യൻ ന്യൂനപക്ഷ ധനകാര്യ കോർപറേഷൻ രൂപീകരിക്കണം: ന്യൂനപക്ഷ കമ്മീഷൻ

**കൊച്ചി:** തെലുങ്കാന മാതൃകയിൽ കേരളത്തിൽ ക്രിസ്ത്യൻ ന്യൂനപക്ഷ ധനകാര്യ കോർപറേഷൻ രൂപീകരിക്കണമെന്നു സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സർക്കാരിനോടു ശിപാർശ ചെയ്തു. സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മറ്റു ന്യൂനപക്ഷവിഭാഗങ്ങൾക്കു കൊടുത്തിട്ടുള്ള ആനുകൂല്യങ്ങൾക്കൊപ്പം ജനസംഖ്യാനുപാതികമായി ക്രൈസ്തവ പിന്നോക്കക്കാർക്കും സാമ്പത്തിക സഹായം ലഭ്യമാക്കണമെന്നും കമ്മീഷൻ സംസ്ഥാന സർക്കാരിനു സമർപ്പിച്ച ശിപാർശയിൽ വ്യക്തമാക്കുന്നു. ന്യൂനപക്ഷ കമ്മീഷനിലെ അംഗങ്ങൾ ചേർന്നു തങ്ങളുടെ കാലാവധി പൂർത്തിയാക്കുന്നതിനു തൊട്ടുമുമ്പാണു വിവിധ വിഷയങ്ങളിലുള്ള ശിപാർശകൾ സംസ്ഥാന സർക്കാരിനു സമർപ്പിച്ചത്.

സംസ്ഥാനത്തെ ക്രൈസ്തവ ന്യൂനപക്ഷങ്ങളിലെ സാമ്പത്തിക സാമൂഹ്യ പിന്നോക്കക്കാർക്കു പ്രത്യേകമായ പരിഗണനയും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനും അവരെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനും ക്രിസ്ത്യൻ ന്യൂനപക്ഷ ധനകാര്യ കോർപറേഷൻ ആവശ്യമാണെന്ന് ശിപാർശ വ്യക്തമാക്കുന്നു. കമ്മീഷന്റെ മറ്റു ശിപാർശകൾ; ആരാധനാലയങ്ങൾ, സെമിത്തേരി, കബർ സ്ഥാനുകൾ എന്നിവയുടെ നിർമാണത്തിനു ജില്ലാ കളക്ടറുടെ അനുമതി ആവശ്യമാണെന്ന നിബന്ധന ഒഴിവാക്കണം. ക്രൈസ്തവ മതപഠനകേന്ദ്രങ്ങൾ, സൺഡേ സ്കൂളുകൾ എന്നിവയ്ക്കു ഗ്രാന്റും മതാധ്യാപകർക്ക് ആനുകൂല്യങ്ങളും നൽകണം. 65 വയസ്സു പൂർത്തിയായ വൈദികർക്കും സന്യസ്തർക്കും വെൽഫെയർ ഫണ്ടും പെൻഷൻ പദ്ധതികളും ആവശ്യമാണ്. കന്യാസ്ത്രീമഠങ്ങൾക്കു സുരക്ഷിതത്വം ഉറപ്പാക്കണം. വിദേശജോലിക്കു സഹായകമാകുന്നതിനു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സിറിയക്, ലാറ്റിൻ, ഫ്രഞ്ച് ഭാഷകൾ പഠിപ്പിക്കുക. വിശുദ്ധനാടുകൾ സന്ദർശിക്കുന്നവർക്കു സർക്കാർ സാമ്പത്തിക സഹായം അനുവദിക്കണം.

പട്ടികജാതിക്കാർക്കുള്ള എല്ലാ ആനുകൂല്യങ്ങളും ദളിത് ക്രൈസതവർക്കും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാക്കണം. പ്രീമെട്രിക് സ്കോളർഷിപ്പ് തുകയും ന്യൂനപക്ഷ വിദ്യാർഥികൾക്കുള്ള സ്റ്റൈപ്പൻഡും വർധിപ്പിക്കണം. ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങളിലെ ഭൂരഹിതർക്കു ഭൂമിയും ഭവനനിർമാണത്തിനു സബ്സിഡിയും നൽകണം. ന്യൂനപക്ഷങ്ങളിലെ പിന്നോക്കാർക്കു കോഴ്സുകളുടെ പ്രവേശനത്തിനും ഉദ്യോഗത്തിനുമുള്ള മാർക്കിലും പ്രായത്തിലും ഇളവ് അനുവദിക്കണം. ഈ വിഭാഗത്തിലുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്കായി വിവാഹസഹായനിധി രൂപീകരിക്കണമെന്നും കമ്മീഷൻ ശിപാർശചെയ്തു. ... **(ദീപിക 29/6/2016)**

# പീഡനത്തിന്റെ ഉമിത്തീയിൽ പശ്ചിമേഷ്യൻ ക്രൈസ്തവർ

**സി**റിയൻ ഓർത്തഡോക്സ് സഭയുടെ തലവൻ ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവയ്ക്കു നേരെ നടന്ന ചാവേർ ആക്രമണം പശ്ചിമേഷ്യയിൽ തീവ്രവാദത്തിന്റെ തീക്കാറ്റ് എത്ര ഭീഷണമായാണു പടരുന്നതെന്നതിനു ദൃഷ്ടാന്തമാണ്. ഓട്ടോമൻ തുർക്കികളുടെ ഭരണകാലത്ത്, 1915ൽ, നടന്ന സെയ്ഫോ കൂട്ടക്കൊലയിൽ രക്തസാക്ഷികളായവരെ അനുസ്മരിക്കാൻ വടക്കുകിഴക്കൻ സിറിയയിലെ ഖാമിഷ്‌ലിയിലുള്ള സെന്റ് ഗബ്രിയേൽ പള്ളിയിൽ നടന്ന ചടങ്ങിൽ പങ്കെടുക്കാനെത്തിയപ്പോഴായിരുന്നു പാത്രിയാർക്കീസ് ബാവയ്ക്കു നേരെ ചാവേർ ആക്രമണം. ക്രൈസ്തവരെ വംശീയമായി ഇല്ലായ്മ ചെയ്യുന്നതിന്റെ ഭാഗമായി നടത്തിയ സെയ്ഫോ കൂട്ടക്കൊലയിൽ രണ്ടരലക്ഷത്തോളം ക്രൈസ്തവ വിശ്വാസികൾ കൊല്ലപ്പെട്ടുവെന്നാണു കണക്ക്.

ഓട്ടോമാൻ സാമ്രാജ്യത്തിനു കീഴിൽ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഏകദേശം പത്തുലക്ഷം അസീറിയൻ ക്രൈസ്തവർ ഉണ്ടായിരുന്നുവെന്നാണു കണക്ക്. ഇപ്പോഴത്തെ ഇറാൻ, ഇറാക്ക്, തുർക്കി എന്നിവിടങ്ങളിലായാണ് ഈ സമൂഹം ജീവിച്ചുപോന്നത്. ഇതുകൂടാതെ അസീറിയൻ പാരമ്പര്യമുള്ള പതിനായിരക്കണക്കിനു ക്രൈസ്തവർ ലബനനിലുമുണ്ടായിരുന്നു. വലിയ ഭീഷണിക്കു മുന്നിലായിരുന്നു അവരുടെയെല്ലാം ജീവിതം.

പാത്രിയാർക്കീസ് ബാവയ്ക്കെതിരേ നടന്ന ചാവേർ ആക്രമണത്തിന്റെ ഉത്തരവാദിത്വം ഐഎസ് ഏറ്റെടുത്തതായി പറയുന്നു. എങ്കിലും അതിന് ഔദ്യോഗിക സ്ഥിരീകരണമായിട്ടില്ല. ഭീകരവാദികൾക്കെതിരെ ലോകസമൂഹം അതീവ ജാഗ്രത പുലർത്തേണ്ടതിന്റെ ആവശ്യകത തൊട്ടുകാണിക്കുന്നതാണീ സംഭവം. ഭീകരതയ്ക്കെതിരേ ഐക്യരാഷ്ട്രസഭയും ലോകരാജ്യങ്ങളും കൂടുതൽ ഫലപ്രദമായി പ്രതികരിക്കണമെന്ന ആവശ്യം നാനാഭാഗത്തുനിന്നും ഉയരുന്നുണ്ട്.

പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവ കേരളവുമായി അടുത്ത ബന്ധം പുലർത്തുന്ന ആധ്യാത്മികാചാര്യനാണ്. യാക്കോബായ സഭയുടെ പരമാധ്യക്ഷനെന്ന നിലയിൽ കേരളത്തിലെ അനേകലക്ഷം വിശ്വാസികൾക്കു മാർഗദർശിയുമാണ്. ബാവയ്ക്കു നേരെ ആക്രമണം ഉണ്ടായെന്ന വാർത്ത കേരളത്തിലെ യാക്കോബായ വിശ്വാസികൾക്കു മാത്രമല്ല, ക്രൈസ്തവ സമൂഹത്തിനു പൊതുവേ ഞെട്ടലുളവാക്കുന്നതായിരുന്നു. ആലപ്പോ മെത്രാപ്പോലീത്തയും ഇബ്രാഹിം ഗ്രിഗോറിയോസിനെയും ഗ്രീക്ക് ഓർത്തഡോക്സ് സഭാ ബിഷപ് പോൾ യാസിഗിയോയെയും മൂന്നു വർഷം മുമ്പാണു സിറിയയിൽ ഭീകരർ തട്ടിക്കൊണ്ടുപോയത്. സഭാപ്രഥമന്റെ പിൻഗാമിയാകുമെന്നു കരുതപ്പെട്ടിരുന്നയാളാണ് ഇബ്രാഹിം ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത. സിറിയയിലെ ആഭ്യന്തര കലാപത്തിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കാനായി ആലപ്പോയിലേക്കു പോകുംവഴിയാണ് ഇരുവരെയും തട്ടിക്കൊണ്ടുപോയത്. ഇവരെപ്പറ്റി ഇപ്പോഴും യാതൊരു വിവരവുമില്ല. സഭാപിതാക്കന്മാർപോലും തട്ടിക്കൊണ്ടു പോകപ്പെടുകയും പീഡിപ്പിക്കപ്പെടുകയും വധശ്രമത്തിന് ഇരയാകുകയും ചെയ്യുന്നുവെന്നത് ഭയാനകമായ അവസ്ഥയാണ്. പശ്ചിമേഷ്യയിൽ ക്രൈസ്തവ സാക്ഷ്യത്തിന്റെ ദീപശിഖ ഉയർത്തിപ്പിടിക്കുന്നവർ നേരിടുന്ന പ്രതിസന്ധിയുടെ തീവ്രത ഒരിക്കൽ കൂടി വ്യക്തമായിരിക്കുകയാണിപ്പോൾ. ലോകമന:സാക്ഷി ഉണരേണ്ട സന്ദർഭമാണിത്. **(ദീപിക 22/6/2016)**

# വിശ്വാസികളെ വഴി തെറ്റിക്കാൻ "സന്നാരാധനഗ്രൂപ്പ്"

**കോ**യമ്പത്തൂർ: സാർവത്രിക കത്തോലിക്കാസഭയുടെ വിശ്വാസമൂല്യങ്ങളും സഭാ പ്രബോധനങ്ങൾക്കുമെതിരെ അബദ്ധസിദ്ധാന്തങ്ങളുമായി പുതിയൊരു പ്രസ്ഥാനത്തിന്റെ അവതാരം രാമനാഥപുരം രൂപതയിലാണ് സമീപകാലത്ത് എംപറർ ഇമ്മാനുവൽ, സ്പിരിറ്റ് ഇൻ ജീസസ് തുടങ്ങിയ വിശ്വാസവിരുദ്ധ പ്രസ്ഥാനങ്ങളുടെ നിരയിൽ എണ്ണാവുന്ന അബദ്ധസിദ്ധാന്തങ്ങളുടെ വിഘടിത പ്രസ്ഥാനം രൂപപെടുത്തിയിട്ടുള്ളത്. 'സന്നാരാധനാ ഗ്രൂപ്പ്' എന്നാണിതിന്റെ പേര്. എറണാകുളം അതിരൂപതയിലെ നീലേശ്വരം ഇടവാകാംഗമായ മുൻ കന്യാസ്ത്രീ ലീന മാളിയേക്കൽ, രാമനാഥപുരം രൂപതയിലെ വൈദികരായിരുന്ന സെബി കുണ്ടുകുളം, പള്ളോട്ടൈൻ വൈദികനായിരുന്ന സിജോയ് തോമസ് എന്നിവരാണ് പ്രസ്ഥാനത്തിന്റെ തുടക്കക്കാർ. ഗ്രൂപ്പിൽ വിവിധ സന്യാസിനി സമൂഹങ്ങളിൽപ്പെട്ട മൂന്നുനാലുപേർ കൂടിയുണ്ടെന്നാണു സൂചന. മുൻ കന്യാസ്ത്രീയെയും വൈദികരെയും എറണാകുളം-അങ്കമാലി അതിരൂപത അധികൃതരും രാമനാഥപുരം ബിഷപ്മാർ പോൾ ആലപ്പാട്ടും പൗരോഹിത്യ - അജപാലന ശുശ്രൂഷകളിൽ നിന്നും വിലക്കിക്കഴിഞ്ഞു. ഇവരുടെ പ്രസംഗങ്ങളും വിശദീകരണങ്ങളും സഭയുടെ പ്രബോധനധികാരത്തിനും ദൈവിക വെളിപാടിന്റെ ലിഖിത രൂപമായ വിശുദ്ധ ഗ്രന്ഥത്തിനും ലിഖിത രൂപമായ സഭാപാരമ്പര്യത്തിനും വിരുദ്ധമാണെന്നും ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളെപ്പറ്റി അന്വേഷിച്ച സീറോ മലബാർ സഭ ഡോക്ട്രിനൽ കമ്മീഷൻ സെക്രട്ടറി റവ. ഡോ. ജോസഫ് പാംപ്ലാനി വ്യക്തമാക്കി. ഗ്രൂപ്പിനു നേതൃത്വം കൊടുക്കുന്നവർക്കെതിരെ കർശനമായ ശിക്ഷാ നടപടി സ്വീകരിക്കണമെന്നും കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഗ്രൂപ്പിനെതിരെ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. **(കത്തോലിക്കാസഭ, ജൂൺ, 2016)**

# വർഗീയ സംഘർഷങ്ങൾക്കു പിന്നിലെ വിഷജീവികൾ

**വ**ർഗീയ കലാപം സൃഷ്ടിക്കാൻ ഉത്തർപ്രദേശിലെ ചില രാഷ്ട്രീയ നേതാക്കന്മാർ പണം വാങ്ങുന്നതായുള്ള ഒളിക്യാമറ ദൃശ്യങ്ങൾ ചില പച്ചപ്പരമാർഥങ്ങളാണു വെളിപ്പെടുത്തുന്നത്. വർഗീയ കലാപങ്ങൾക്കു പിന്നിൽ നടക്കുന്നതെന്തെന്നു പലപ്പോഴും പുറംലോകം അറിയാറില്ല. അന്വേഷണം നടത്തിയാലും യാഥാർഥ്യം പലപ്പോഴും ഇരുട്ടിൽ അവശേഷിക്കുകയേയുള്ളൂ. പുറമേ കാണുന്ന കാരണങ്ങൾ യഥാർഥമല്ലെന്നും ഇത്തരം സംഭവങ്ങൾക്കു പിന്നിൽ ദൃഷ്ടലാക്കും സ്വാർഥതാൽപ്പര്യവുമുള്ള നിഷ്ഠൂരമായ കാര്യങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്നതിലേക്കും വിരൽ ചൂണ്ടുന്നതാണ് ചാനൽ റിപ്പോർട്ട്. സാധാരണക്കാരുടെ ജീവൻ വച്ച് രാഷ്ട്രീയ നേട്ടമുണ്ടാക്കുകയാണ് ഒട്ടുമിക്ക കലാപങ്ങളുടെയും പിന്നാമ്പുറം. ഒട്ടേറെ വർഗീയ സംഘർഷങ്ങൾ നടന്ന രാജ്യമായതിനാൽ ഇത്തരം ദൃശ്യങ്ങൾക്കു പ്രാധാന്യമേറുന്നുമുണ്ട്. പണം തന്നാൽ വർഗീയ കലാപം ഉണ്ടാക്കാമെന്ന് ഉത്തരപ്രദേശിലെ മൂന്നു നേതാക്കന്മാർ പറയുന്നതാണ് ഒളിക്യാമറയിൽ പകർത്തിയത്. അനേകം ജാതികളും മതങ്ങളും വിശ്വാസങ്ങളും കൂടിക്കലർന്ന രാജ്യമാണിത്. ജാതി, വർഗ, വർണ ചിന്തകൾക്കതീതമായി ജനങ്ങൾ ഇടകലർന്ന് വസിക്കുന്ന മതേതര ഇന്ത്യയുടെ ഹൃദയഭൂമിയായ ഉത്തർപ്രദേശ് വർഗീയ സംഘർഷങ്ങളുടെ കലവറയാണ്.

പൊതുപ്രവർത്തകരും രാഷ്ട്രീയ നേതാക്കന്മാരും സാമൂഹിക സംഘർഷത്തിനും, വർഗീയകലാപത്തിനും കൂട്ടുനിൽക്കുന്നു എന്നു വരുന്നത് ഞെട്ടിപ്പിക്കുന്നതാണ്. കേവലം സ്വാർഥലാഭത്തിനായി സമൂഹത്തെ അരക്ഷിതാവസ്ഥയിലാക്കാൻ ഇവർക്കു കൂസലില്ല. പൊതു പ്രവർത്തനത്തിൽ നിന്നു മാത്രമല്ല, സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നു പോലും ഇത്തരം വിഷജീവികളെ അകറ്റിനിർത്തി പാഠം പഠിപ്പിക്കേണ്ടതാണ്. വർഗീയസംഘർഷങ്ങൾ സ്വയം പൊട്ടിപ്പുറപ്പെടുന്നതല്ലെന്നും അതിനു പിന്നിൽ ചില ശക്തികളുണ്ടെന്നും ഈ സംഭവം വീണ്ടും സ്പഷ്ടമാക്കുന്നു. സമൂഹം ഇതു തിരച്ചറിയാൻ ഇനിയും വൈകരുത്. ... **(മംഗളം 30/6/2016)**

# ദൈവവചനത്തിൽ നിന്നും സ്നേഹത്തിന്റെ സന്തോഷത്തിലേയ്ക്ക്

**പ്ര**പഞ്ചവസ്തുക്കൾക്കെല്ലാം താളലയം നൽകുകയും പ്രപഞ്ചവസ്തുക്കളുടെയെല്ലാം അടിസ്ഥാനവുമായ ദൈവവചനത്തിൽ ചുവടുറപ്പിച്ചാണ് 'സ്നേഹത്തിന്റെ സന്തോഷ'മെന്ന പുതിയ അപ്പസ്തോലിക പ്രബോധനം ചിട്ടപ്പെടുത്തിയിരിക്കുന്നത്. സഭയുടെ ചരിത്രത്തിലെ തന്നെ എറ്റവും ദൈർഘ്യമേറിയ അപ്പസ്തോലിക പ്രബോധനം എന്ന് വിശേഷിപ്പിക്കാവുന്ന 'സ്നേഹത്തിന്റെ സന്തോഷം' ദൈവവചനത്തിലേയ്ക്കുള്ള ശ്രദ്ധക്ഷണിക്കലിനും ദൈവവചനധ്യാനത്തിനും സവിശേഷ പ്രാധാന്യം നൽകുന്നുണ്ട്. ഇരുപത്തിരണ്ട് ഖണ്ഡികകൾ ഉൾക്കൊള്ളുന്ന ആദ്യഅധ്യായത്തിനുപുറമെ സഭയുടെ മുൻകാലപ്രബോധനങ്ങൾ ഓർമിപ്പിക്കുന്ന മൂന്നാം അധ്യായത്തിന്റെ ആദ്യഭാഗവും (58-66), സ്നേഹത്തിലധിഷ്ഠിധമായ ദാമ്പത്യം രൂപികരിക്കുന്നതിന് സഹായകമാകുന്നവിധത്തിൽ വി. പൗലോസിന്റെ സ്നേഹഗീതത്തിന് (1കോറി 13,2-7) ധ്യാനാത്മകമായ ഒരുവ്യാഖ്യാനം (89-119) നൽകിയിരിക്കുന്ന നാലാം അധ്യായവും ദൈവവചനധ്യാനത്തിനുള്ള പാപ്പായുടെ പ്രത്യേകക്ഷണമാണ്.



**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**
പി.ഒ.സി പാലാരിവട്ടം

# വിശുദ്ധ ഗ്രന്ഥവും കുടുംബവും

വിശുദ്ധഗ്രന്ഥം നിറയെ കുടുബങ്ങളും, പ്രണയകഥകളും, കുടുബപരമായ വിഷമഘട്ടങ്ങളും ഉണ്ട് (8). ആറു വാക്യങ്ങൾകൊണ്ട് കുടുബത്തിന്റെ സവിശേഷതയെ മനോഹരമായി വർണ്ണിക്കുന്നതും, യഹൂദ, ക്രൈസ്തവ വിവാഹ കർമ്മങ്ങളിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നതുമായ 128-ാം സങ്കീർത്തനമെന്ന താക്കോലുപയോഗിച്ചുകൊണ്ട് വിശുദ്ധഗ്രന്ഥത്തിലെ കുടുംബങ്ങളെക്കുറിച്ചുള്ള വിചിന്തനത്തിലേയ്ക്ക് പ്രവേശനകവാടം തുറക്കുകയാണ് പാപ്പ ചെയ്തിരിക്കുന്നത്. ഭക്ഷണമേശയ്ക്ക്ചുറ്റുമിരുന്ന് ദൈവത്തെ സ്തുതിക്കുന്ന ദമ്പതികളുടെ സ്തോത്രഗീതമാണ് 128-ാം സങ്കീർത്തനം.

**1. നീയും നിന്റെ ഭാര്യയും (9-12)**

ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചു. ദൈവത്തിന്റെ പ്രതിഛായ എന്നത് ഇവിടെ സ്ത്രീയും പുരുഷനുമായ ദമ്പതികൾ ആണ് എന്നത് ശ്രദ്ധേയമാണ് (10). ആദാമിൽ നിന്നും പുറത്തെടുക്കപ്പെട്ട ഹവ്വ ദൈവത്തിൽ നിന്നും പുറപ്പെടുന്ന ജീവചൈതന്യമാണ്. മണ്ണിൽ നിന്നും മെനയപ്പെട്ടവനും മണ്ണിലേയ്ക്ക് പോകുന്നവനുമായ മനുഷ്യനിൽ അവശേഷിക്കുന്നത് ദൈവീക ചൈതന്യമാണ്. ഹവ്വ ജീവനുള്ള എല്ലാത്തിന്റെയും മാതാവാണ്. ജീവൻ നൽകുന്നത് ദൈവാരൂപിയാണ് (യോഹ 6,63). അതിനാൽ തന്നെ ദൈവാരൂപിയാൽ നയിക്കപ്പെടുന്ന ദമ്പതികൾ ഭൂമിയിൽ പറുദീസ സൃഷ്ടിക്കുന്നവരാകുന്നു.

പിതാവിൽ നിന്നും ജന്മമെടുക്കുന്ന പുത്രനും. പിതാവിൽ നിന്നും പുറപ്പെടുന്ന പരിശുദ്ധാരുപിയും ഉൾപ്പെടുന്ന ത്രിത്വം മനുഷ്യ കുടുംബത്തിന് മാതൃകയാണ്. സ്നേഹിക്കുകയും ജീവനു ജന്മം നൽകുകയും ചെയ്യുന്ന ദമ്പതികൾ സൃഷ്ടാവും രക്ഷകനുമായ ദൈവത്തെ വെളിപ്പെടുത്തുവാൻ സാധിക്കുന്ന ഐക്കണുകളാണ്. ദമ്പതികൾ ദൈവത്തിന്റെ ജീവിക്കുന്ന ഐക്കണുകളാണ് (11). ജോൺപോൾ മാർപാപ്പപറയുന്നതു പോലെ നമ്മുടെ ദൈവം അവിടുത്തെ അഗാധതമായ രഹസ്യത്തിൽ ഏകാന്തതയല്ല. പിന്നയോ അവിടുന്ന് തന്നെ ഒരു കുടുബമാണ്. എന്തെന്നാൽ അവിടുത്തേക്ക് തന്നെ പിതൃത്വവും പുത്രത്വവും സ്നേഹമാകുന്ന ഗാർഹിക സാരാംശവുമുണ്ട്. ആ സ്നേഹം പരിശുദ്ധാരൂപിയാണ് (11).

**2. നിന്റെ മക്കൾ ഒലിവുതൈകൾ പോലെയായിരിക്കും (14-18)**

മാതാപിതാക്കൾ ഭവനത്തിന്റെ അടിസ്ഥാനമാണെങ്കിൽ കുട്ടികൾ ആ ഭവനത്തിന്റെ അടിസ്ഥാന ശിലകളായിരിക്കും.ആ ശിലകളാലാണ് കുടുംബം പണിതുയർത്തപ്പെടുന്നത്. കർത്താവിന്റെ ദാനമാണ് മക്കൾ. ഉദരഫലം ഒരു സമ്മാനവും (സങ്കി 127). പഴയനിയമത്തിൽ ദൈവത്തെ വിളിക്കുന്ന പേരായ യാഹ്‌വേ (കർത്താവ്) എന്ന പേര് കഴിഞ്ഞാൽ ഏറ്റവും അധികം ഉപയോഗിച്ചിരിക്കുന്നത് ബെൻ (പുത്രൻ) എന്നപേരാണ്. ബെൻ എന്ന പേരാകട്ടെ ബനാ (പണിതുയർത്തുക) എന്ന ക്രിയ രൂപത്തിൽ നിന്നും രൂപമെടുക്കുന്നതാണ്.

**കുടുംബം = ഈശോയുടെ വാസസ്ഥലം (15):** ഈശ്വരസാനിധ്യമുള്ള കുടുംബം ഒരു ഗാർഹിക ദൈവാലയമായി മാറ്റപ്പെടുന്നു, ഗാർഹിക സഭയാക്കപ്പെടുന്നു (1 കോറി 16,19; റോമ 16, 15). അത് ക്രിസ്തുവിന്റെ സാന്നിധ്യമായ ദിവ്യകാരുണ്യവേദി; മുട്ടുന്നവാതിൽ തുറന്നുകൊടുക്കുമ്പോൾ പ്രവേശിക്കുന്ന കർത്താവിന്റെ സാനിധ്യം അനുഭവിക്കുന്നിടം (വെളി 3, 20) ആക്കപ്പെടുന്നു. ദൈവസാനിധ്യമുള്ള, പൊതുപ്രാർത്ഥനയുള്ള ഭവനം 128-ാം സങ്കീർത്തനത്തിൽ പറയുന്നതുപോലെ എല്ലാവിധ അനുഗ്രഹങ്ങളുമുള്ള ഭവനം ആണ് (സങ്കീ 128, 4-5).

**കുടുംബം = വിശ്വാസ പരിശീലനവേദി (16):** കുട്ടികളെ വിശ്വാസത്തിൽ വളർത്തിക്കൊണ്ടുവരുന്ന സ്ഥാനമായും വിശുദ്ധ ഗ്രന്ഥം കുടുബത്തെ കാണുന്നു. പെസഹാ ആഘോഷത്തിന്റെ വിവരണം (പുറ. 12, 26-27;13, 14 നിയമ 6, 20-25; സങ്കി, 78, 3-6; ) തങ്ങളുടെ വിശ്വാസാനുഭവം വരുന്നതലമുറയ്ക്ക് പകർന്നു നൽകുന്ന ഉത്തമ വേദിയാകുന്നു. വിശ്വാസ കാര്യങ്ങളിൽ മാതാപിതാക്കൾ മക്കളുടെ പ്രഥമ അധ്യാപകരായി തീരുന്ന സ്ഥലമാണ് കടുംബം.

**വിദ്യാദാനധർമ്മം (17):** വിശുദ്ധഗ്രന്ഥത്തിലെ ജ്ഞാനികൾ ഓർമ്മിപ്പിക്കുന്നതുപോലെ മാതപിതാക്കന്മാർക്ക് വിദ്യാഭ്യാസ ധർമ്മം നിർവഹിക്കാൻ ഗൗരവപൂർണ്ണമായ കടമയുണ്ട് സുഭാ. 3,11-12; 6, 20-22; 13, 1; 23, 14 -17). അതോടൊപ്പം നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക എന്ന കൽപന സ്വീകരിക്കുവാനും അഭ്യസിക്കുവാനും (പുറ. 20, 12) മക്കൾ വിളിക്കപ്പെട്ടിരിക്കുന്നു,

**കുട്ടികൾ കുടുബത്തിന്റെ സ്വത്തല്ല:** സ്വന്തം ജീവിതം നയിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുകയും ജീവിതസംബന്ധമായ തീരുമാനങ്ങളെടുക്കാനും, കൈസ്തവദൈവവിളിക്കനുസരിച്ച് മുമ്പോട്ട് പോകുവാനും അവരെ സഹായിക്കുകയും ചെയ്യണം. അവർ എന്നും കുടുബത്തിന്റേതായി മാത്രം നിൽക്കുവാനുള്ളതല്ല (ലുക്ക 2, 48 -51). ഈശോ കുട്ടികളോട് കാണിക്കുന്ന താത്പര്യം (മത്താ 18, 3-4) പ്രത്യേകം ശ്രദ്ധേയമാണ്.

**3. സഹനത്തിന്റെയും രക്തത്തിന്റെയും ഒരു പാത (19-22)**

സങ്കീർത്തനം 128 അവതരിപ്പിക്കുന്ന ആയർഗാനപരമായ ചിത്രം വിശുദ്ധഗ്രന്ഥത്തിൽ കാണുന്ന കയ്പുനിറഞ്ഞ സത്യങ്ങൾ കൂടിയുള്ളതാണ്. സന്തോഷം കളിയാടുന്ന കുടുബങ്ങൾ മാത്രമല്ല മറിച്ച് വേദന, തിന്മ, അക്രമം, കഷ്ടപ്പാടുകൾ, കുടുബപ്രശനങ്ങൾ, എന്നിവയുടെ ഭീഷണി അനുഭവിക്കുന്ന കുടുബങ്ങളും ബൈബിളിലെ അസംഖ്യം പേജുകളിൽ കാണുന്നു. ഈശോതന്നെ അന്യദേശത്തേക്ക് ഓടിപോകേണ്ടി വന്ന കുടുംബത്തിലാണ് ജനിച്ചത്. വേദനിക്കുന്ന അനേകം കുടുംബങ്ങളോട് കൂടെയായിരിക്കുന്ന ഈശോയെ വിശുദ്ധഗ്രന്ഥത്തിൽ കാണുവാൻ സാധിക്കും. വിശുദ്ധവചനം അമൂർത്തമായ ആശയങ്ങളുടെ പരമ്പരയല്ല; പിന്നെയോ പ്രയാസങ്ങളും സഹനവുമുള്ള ഓരോകുടുംബത്തിനും ആശ്വാസത്തിന്റെയും സഹിത്വത്തിന്റെയും ഉറവിടം കൂടിയാണ്.

**4. നിന്റെ കൈകൾ കൊണ്ടു ചെയ്യുന്ന ജോലി (23-26)**

നിന്റെ അധ്വാനഫലം നീ അനുഭവിക്കും, നീ സന്തുഷ്ടനായിരിക്കും, നിനക്ക് നന്മവരും (സങ്കീ 128, 2). മനുഷ്യമഹത്വത്തിന്റെ അത്യന്താപേക്ഷിതമായ ഒരുഭാഗമാണ് അധ്വാനം എന്ന് ബൈബിളിന്റെ ആദ്യപേജ് മുതൽ പഠിപ്പിക്കുന്നുണ്ട്. ഏദൻ തോട്ടത്തിൽ അവനെ ആക്കുന്നതുതന്നെ ഭൂമിയിൽ അധ്വാനിക്കുന്നതിനും, അതിനെ സംരക്ഷിക്കുന്നതിനും വേണ്ടിയാണ്. (ഉൽപ 2,15). സ്വന്തം കഴിവുകൾ പരിപോഷിപ്പിക്കുന്നതിനൊപ്പം ഭൂമിയിൽ കഠിനപ്രയത്നം നടത്തുന്ന അധ്വാനിയായായണ് വി. ഗ്രന്ഥം അവനെ അവതരിപ്പിക്കുന്നത് (സങ്കീ 127,2). തൊഴിലിന്റെ മഹത്വം എടുത്തുപറയുന്ന വചനഭാഗങ്ങളാണ്: സുഭാ 31, 10-31; അപ്പ 18, 3, 1: കോറി 4,12; 2 തെസ 3,10 എന്നിവ. വിശുദ്ധ മത്തായിയുടെ സുവിശേഷം 20, 1-16. ചൂണ്ടിക്കാണിച്ചുകൊണ്ട് തൊഴിലുകളുടെ അഭാവം കുടുംബജീവിതത്തിന്റെ പ്രശാന്തതയെ നശിപ്പിക്കുന്നതിനെയും വേദനയോടെ സ്മരിക്കുന്നു. എന്നാൽ പ്രകൃതിയുടെമേലുള്ള കടന്നുകയറ്റവും പ്രകൃതിയെ തന്നിഷ്ടം പോലെ ഉപയോഗിക്കുന്നതും ഭൂമിയെ മരുഭൂമിയാക്കും എന്നും പാപ്പാ ഓർമിപ്പിക്കുന്നു.

**5. ആലിംഗനത്തിന്റെ മൃദുലത (27-30)**

സ്നേഹനിയമവും മറ്റുള്ളവർക്കുവേണ്ടി സ്വയം സമർപ്പിക്കലും തന്റെ ശിഷ്യരുടെ വ്യതിരിക്തതയായി ഈശോകണ്ടു.

(മത്താ 22, 39; യോഹ 13,34). തിരക്കിട്ടതും ഉപരി വിപ്ലവുമായ ജീവിതത്തിൽ നഷ്ടപ്പെട്ടുപോകുന്ന ആർദ്രതയും വാത്സല്യവും അനുഭവിക്കാൻ കുടുംബങ്ങളിൽ സാധിക്കണം. കർത്താവും വിശ്വസ്തരും തമ്മിലുള്ള ബന്ധം മാതാപിതാക്കൾക്ക് മക്കളോടുള്ള സ്നേഹത്തിന്റെ വാക്കുകളിൽ പ്രകാശിക്കപ്പെട്ടിരിക്കുന്നു. മാതാവിന്റെ മടിയിൽ ശാന്തനായി ശയിക്കുന്ന ശിശുവിനെപോലെ ഞാൻ എന്നെ തന്നെ ശാന്തനാക്കി (സംങ്കി131, 2). ഞാൻ അവരെ എന്റെ കൈകളിലെടുത്തു... കരുണയുടെ കയർ പിടിച്ച് അവരെ നയിച്ചു (ഹോസി 11, 1-4).

**തിരുകുടുംബമാകുന്ന ഐക്കണിലേയ്ക്ക് നോക്കുക:** പൂജരാജാക്കന്മാരെപ്പോലെ ശിശുവിനെ അമ്മയോട് ചേർന്ന് ആരാധിക്കുവാനും കുടുംബങ്ങൾ ക്ഷണിക്കപ്പെട്ടിരിക്കുന്നു. അനുദിന ജീവിതത്തന്റെ കഷ്ടതകൾ സഹിച്ചു കുടുംബം നേരിടുന്നവെല്ലുവിളിയെ നല്ലകാലത്തും കഷ്ടകാലത്തും മറിയത്തെപ്പോലെ ധീരതയോടെയും ശാന്തതയോടെയും നേരിടുകയും അവർക്കായി ചെയ്ത കാര്യങ്ങൾ ഹൃദയത്തിൽ സൂക്ഷിക്കുകയും വേണം.

## ഈശോയിലേയ്ക്ക് നോക്കൽ കുടുംബത്തിന്റെ വിളി (58-88)

ഒന്നാം അധ്യായത്തിൽ കുടുംബത്തിന്റെ ദൈവവചന വിചിന്തനം നടത്തിയതിനുശേഷം രണ്ടാമധ്യായത്തിൽ കുടു◌ംബമിന്നു നേരിടുന്ന പ്രശനങ്ങൾ അപഗ്രഥിച്ചിട്ട് വീണ്ടും ദൈവവചനത്തിലേയ്ക്കും സഭയുടെ പഠിപ്പിക്കിലിലേയ്ക്കും ശ്രദ്ധക്ഷണിച്ചുകൊണ്ട് പ്രതിസന്ധികളിൽ ഈശോയെ നോക്കുവാനും സഭയുടെ പ്രബോധനങ്ങൾ ശ്രദ്ധിക്കുവാനും പാപ്പ ആഹ്വാനം ചെയ്യുകയാണ് മൂന്നാം അധ്യായത്തിൽ. കുടുബങ്ങൾക്കിടയിൽ സുവിശേഷസന്ദേശം (കെറിഗ്മ) എപ്പോഴും പ്രതിധ്വനിക്കണം (58) എന്ന് പാപ്പാ ഓർമ്മിപ്പിക്കുന്നു.

### 1. ഈശോ ദൈവത്തിന്റെ പദ്ധതി പുനഃസ്ഥാപിക്കുകയും പൂർത്തിയാക്കുകയും ചെയ്യുന്നു (60-66)

എല്ലാകാര്യങ്ങളും തന്നിൽ അനുരഞ്ജിപ്പിച്ച ഈശോ വിവാഹത്തെയും കുടുബത്തെയും അതിന്റെ ആദിമ രൂപത്തിൽ പുനഃസ്ഥാപിച്ചു (മത്താ 10,1-12). കുടുംബത്തെയും വിവാഹത്തെയും അതിന്റെ ആദിമരൂപത്തിലേയ്ക്ക് കൊണ്ടുവരിക മാത്രമല്ല അതിനെ ക്രിസ്തുവിന് സഭയോടുള്ള സ്നേഹത്തിന്റെ കൗദാശിക അടയാളമാക്കി. (71). ക്രിസ്തുവിന്റെ പ്രകാശം എല്ലാവ്യക്തികളെയും പ്രകാശിപ്പിക്കും. ക്രിസ്തുവിന്റെ കണ്ണുകൊണ്ട് കാര്യങ്ങൾ കാണണം, അങ്ങനെചെയ്താൽ സഹവസിക്കുന്നവരോ, വിവാഹമോചനത്തിനുശേഷം പുനഃവിവാഹം നടത്തിയവരും മറ്റ് അസാധാരണബന്ധങ്ങളിൽ പെട്ടു പോയവർക്കും വേണ്ടിയുള്ള അജപാലനപ്രവർത്തനം പ്രചോദിപ്പിക്കും. ഈശോ കുടുബങ്ങളോടുള്ള ബന്ധങ്ങൾക്ക് ഉത്തമമാതൃകയാണ്. അവിടുന്ന് കാനായിലെ കല്യാണവിരുന്നിൽ ചെയ്ത അത്ഭുതത്തോടെ പരസ്യജീവിതം ആരംഭിച്ചു (യോഹ 2, 1-12). കുടുംബങ്ങളുമായി സൗഹൃദം സ്ഥാപിച്ചു (ലൂക്കാ 10,38; മത്താ 8,14). വിലപിക്കുന്നമാതാപിതാക്കളെ ആശ്വസിപ്പിച്ചു. (ലൂക്കാ 7,14-15; മർക്കോ 5,41). ഈശോയുടെ ഉദാരതനിറഞ്ഞസ്നേഹത്തോടെയുള്ള കണ്ടുമുട്ടൽ വഴി അവിടുന്ന് കാരുണ്യത്തിന്റെ യഥാർത്ഥമായ അർത്ഥം പ്രകടമാക്കി.

### 2 കുടുംബം സഭയുടെ പ്രബോധനങ്ങളിൽ (67-70)

കുടുബത്തെക്കുറിച്ചു വിവാഹബന്ധത്തെക്കുറിച്ചുമുള്ള സഭയുടെ പഠിപ്പിക്കലുകളും തന്റെമുൻഗാമികളുടെ പ്രബോധനങ്ങളും മാർപാപ്പ ഇവിടെ ഓർമിപ്പിക്കുകയും അത് മുറുകെ പിടിക്കുന്നതോടൊപ്പം പുതിയ അജപാലന ശൈലി വേണമെന്നും പാപ്പ പറയുന്നു. വിവാഹത്തിന്റെ കൗദാശികമാനത്തെക്കുറിച്ചും (71-75) അപൂർണസാഹചര്യങ്ങളിൽപ്പെട്ടുപോയവർക്കുള്ള അജപാലനപ്രവർത്തനങ്ങൾ (76-79), ജീവൻ പകരലും കുട്ടികളെവളർത്തലും (80-86), കുടുബവും സഭയും (86-88) തമ്മിലുള്ള ബന്ധം എന്നിവയെക്കുറിച്ചുള്ള സഭയുടെ പ്രബോധനങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് പാപ്പാ പഠിപ്പിക്കുന്നു. വിവാഹം ജീവന്റെയും സ്നേഹത്തിന്റെയും സമൂഹമാണെന്നും, ദമ്പതികളുടെ അടിസ്ഥാനം ക്രിസ്തുവാണെന്നും. ക്രിസ്തു കൈസ്തവ ദമ്പതികൾക്ക് തന്നെ തന്നെ വെളിപ്പെടുത്തുന്നു എന്നും പാപ്പ ഓർമിപ്പിക്കുന്നു. ദിവൈസ് ഇൻ മിസെരിക്കോർദിയ (ജോൺ പോൾ 2), നസ്രത്തിലെ പ്രസംഗം, പോൾ 6 1964 ജനുവരി 5, ഗാവുദീയും ഏത്ത്സ്പെസ് (2 വത്തിക്കാൻ) ലൂമെൻ ജൻസിയും (2 വത്തിക്കാൻ), ഹുമാനേ വീത്തേ (പോൾ 6), എവാൻഞ്ചേലി നൂൺസ്യാന്തി (പോൾ 6) ഗ്രാത്തീസിമും സനേ (ജോൺ പോൾ 2) ഫമിലിയാരിസ് കൊൺസോർസ്യം (ജോൺ പോൾ 2)ദേവൂസ് കാരിത്താസ് (ബനഡിക്ട് 16) കത്തോലിക്കാസഭയുടെ വിശ്വാസസംഹിത, എന്നീ പ്രബോധനങ്ങൾ പാപ്പ പല പ്രാവ്യശം എടുത്തുപറയുന്നുണ്ട്. സത്യത്തിനുവേണ്ടി സാഹചര്യങ്ങളെ ശ്രദ്ധാപൂർവ്വം തിരിച്ചറിയാൻ അജപാലകർ ശ്രദ്ധിക്കണം. കുടുബങ്ങളുടെ പങ്കാളിത്തം (84) കുടുംബം ഗൃഹസഭ, സഭ കുടുംബങ്ങളുടെ കുടുംബം! സഭ കുടുബത്തിന് നന്മയാണ്, കുടുംബം സഭയ്ക്ക് നന്മയാണ്, അവയിൽ ചില താണ് ജീവൻ പകരലും കുട്ടികളെവളർത്തലിനെയും (80-86) കുറിച്ച് പറയുമ്പോൾ ഹുമാന നേ വീത്തേ (മനുഷ്യ ജീവൻ) എന്ന ചാക്രീക ലേഖനത്തിന്റെ സന്ദേശത്തിലേയ്ക്ക് തിരിച്ച് പോകണം. ഭ്രൂണഹത്യ, കാരുണ്യവധം, മരണശിഷ, അക്രമപരമായ ചികിത്സ എന്നിവയെ തള്ളികളയുന്നു. കുട്ടികളെ വളർത്തുക മാതാപിതാക്കന്മാരുടെ ഏറ്റവും ഗൗരവമേറിയ കടമ. അത് വെറും ദൗത്യമോ ഒരു ഭാരമോ അല്ല.

## ഉപസംഹാരം

സഭ കുടംബങ്ങളെയും വ്യക്തികളെയും അവരുടെ ജീവിത സങ്കീർണ്ണതയിൽ തന്നെ മനസ്സിലാക്കണം. അവർ ആയിരിക്കുന്നിടത്ത് അവരെ കണ്ടെത്തുക. ആളുകളെ സുവിശേഷനുസൃതജീവിതത്തിലേയ്ക്ക് നയിക്കണം. അവർ ആയിരിക്കുന്ന സാഹചര്യങ്ങളെ മനസിലാക്കുന്ന ഒരു സഭയിലേയ്ക്ക് അവരെ സ്വാഗതം ചെയ്യണം. മന:സാക്ഷിയുടെ സ്വരം വളരെ പ്രധാനപ്പെട്ടതാണ്. എന്നാൽ മന:സാക്ഷി വിശുദ്ധഗ്രന്ഥത്തിൽ കേന്ദ്രീകരിച്ചും സഭയുടെ പഠിപ്പിക്കലിനോട് ചേർന്നും രൂപപ്പെടുത്തണം. നാം വിളിക്കപ്പെട്ടിരിക്കുന്നത് നല്ല മന:സാക്ഷി രൂപപ്പെടുത്തുവാനാണ് അല്ലാതെ അവരുടെ മന:സാക്ഷിക്ക് പകരം നിൽക്കുവാനല്ല എന്ന് പാപ്പാ പഠിപ്പിക്കുന്നു. സഭയുടെ പരമ്പരാഗത പഠിപ്പിക്കലുകളെ മുറുകെപിടിക്കുന്നു. എന്നാൽ യാഥാർത്ഥ്യ ബോധത്തോടെ അല്ലാത്ത പ്രതീസറ<കൾക്കൊണ്ട് ജനത്തെ ബുദ്ധിമു ട്ടിക്കരുത് (36,122) കുടുബത്തെക്കുറിച്ച് നല്ല പരിശീലനം നൽകണം, ലൈഗികതയെക്കുറിച്ച് കുട്ടികളെ പഠിപ്പിക്കണം (280, 153), അസാധാരണദാമ്പത്യബന്ധത്തിൽ അകപ്പെട്ടു പോയവരെയും ബഹുമാനിക്കണം (250) എല്ലാവർക്കും സഭയിലേക്ക് സ്വാഗതം ഉണ്ടായിരിക്കണം, ആരെയും അകറ്റിനിർത്തരുത്.വിവാഹമോചിതരെയും, പുനർവിവാഹിതരെയും കൂടുതൽ ശ്രദ്ധയോടെ സഭയോട് ചേർത്തു നിർത്തണം (300, 355, 243). കുടുംബത്തിലെ എല്ലാവരും നല്ല ക്രിസ്തീയ ജീവിതം നയിക്കാൻ പ്രോത്സാഹിപ്പിക്കണം (122,123). പാപത്തിൽ ജീവിക്കുന്നവർ എന്ന് അസാധാരണ സാഹചര്യത്തിൽ പെട്ടുപോയവരെ വിളിക്കരുത് (301, 43, 305) ഒരിടത്ത് പ്രാവർത്തികമാകുന്നത് വേറൊരിടത്ത് ആകണമെന്നില്ല. (3) എന്ന് തിരിച്ചറിഞ്ഞ് കൂടുതൽ ശ്രദ്ധേയമായ അജപാലനശുശ്രൂഷ വേണം,

# മാനേജുമെന്റുകളുടെ ഉത്തരവാദിത്വനിർവ്വഹണത്തിൽ തടസ്സം സൃഷ്ടിക്കരുത്

**കൊച്ചി:** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസമേഖലയിൽ അധ്യാപക വിദ്യാർത്ഥി അനുപാതം സംബന്ധിച്ചും അധ്യാപക തസ്തിക നിർണ്ണയം സംബന്ധിച്ചും നിരവധി ഉന്നതതല ചർച്ചകൾ നടത്തിയിരുന്നു. അതിന്റെ ഫലമായി 2016 ജനുവരിയിൽ തസ്തിക നിർണ്ണയ ഉത്തരവിറങ്ങി. എന്നാൽ ചർച്ചകളിൽ ഉളവായ ധാരണക്കു വിരുദ്ധമായി പ്രധാന അധ്യാപകരെ ക്ലാസ് ചാർജിൽ നിന്നു മാറ്റുന്ന ഒഴിവുകളിൽ പ്രൊട്ടക്ടഡ് അധ്യാപകരെ ഡിപ്പാർട്ടുമെന്റുകൾ നിയമിക്കുകയാണ്. മാനേജർമാരോട് ആലോചന നടത്താതെയും അനുവാദം കൂടാതെയും ഇതര മാനേജുമെന്റിലെ അധികം വരുന്ന അധ്യാപകരെ ഏകപക്ഷീയമായി നിയമിക്കുന്നത് അംഗീകരിക്കുകയില്ലെന്നും സർക്കാരിനെ അറിയിച്ചു.ഇപ്രകാരം നിയമിതരായി വരുന്ന അധ്യാപകരെ വിദ്യാലയങ്ങളിൽ സ്വീകരിക്കേണ്ടതില്ലെന്നു ബന്ധപ്പെട്ട മാനേജർമാരോട് കെ.സി.ബി.സി. നിർദ്ദേശിച്ചിട്ടുണ്ട്.

സർക്കാരുമായി നടത്തിയ ചർച്ചകളിൽ ഒരു മാനേജുമെന്റിലെ അധികം വരുന്ന അധ്യാപകരെ അതേ മാനേജുമെന്റിലെ ഇതര വിദ്യാലയങ്ങളിൽ നിയമിച്ചാൽ മതിയെന്നായിരുന്നു ധാരണ. 17/12/2015 ലെ കേരള ഹൈക്കോടതിയുടെ വിധിന്യായത്തിലും ഇതേ കാര്യം തന്നെയാണ് ഹൈക്കോടതിയും പറഞ്ഞിരുന്നത്. ഇതിനു വിരുദ്ധമായി ഏകപക്ഷീയമായി എടുക്കുന്ന തീരുമാനങ്ങളെ അംഗീകരിക്കേണ്ടതില്ലെന്നു കൊച്ചിയിൽ നടന്ന കെ.സി.ബി.സി. യുടെ മൺസൂൺകാല സമ്മേളനം തീരുമാനിച്ചു. കെ.ഇ.ആർ അനുവദിച്ചു നൽകിയിട്ടുള്ള അവകാശങ്ങളും 1972 ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റ് പ്രകാരമുള്ള ഉടമ്പടിയും ഏകപക്ഷീയമായി ലംഘിക്കുന്ന വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ നടപടികൾ പിൻവലിക്കണം.

2005-2006 കാലയളവിൽ നിയമിതരായ അധ്യാപകരുടെ നിയമനം 2010-11-ൽ മാത്രമാണ് അംഗീകരിച്ചിട്ടുള്ളത്. അതുവരെയുള്ള സേവനകാലത്തെ ആനുകൂല്യങ്ങൾ പ്രൊവിഡന്റ്ഫണ്ടിൽ ലയിപ്പിക്കാമെന്നാണ് കഴിഞ്ഞ സർക്കാർ ഉറപ്പുനൽകിയത്. അത് എത്രയും വേഗം പാലിക്കണം. 2011-12 കാലയളവിൽ നിയമിതരായവർക്ക് അംഗീകാരം നൽകണമെന്ന് സർക്കാരും പൊതുവിദ്യാഭ്യാസ ഡയറക്ടറും ആവർത്തിച്ചു നൽകിയ നിർദ്ദേശങ്ങൾ വിദ്യാഭ്യാസ ഓഫീസർമാർ പാലിച്ചിട്ടില്ലാത്തതുകൊണ്ട് നൂറുകണക്കിന് അധ്യാപകർ വേതനം ലഭിക്കാതെ പ്രതിസന്ധിയിലായിരിക്കുന്നു. ഇക്കാര്യത്തിൽ സർക്കാർ അടിയന്തിരമായി ഇടപെടണമെന്നും നിയമനാംഗീകാര നടപടികൾ എത്രയും വേഗം പൂർത്തിയാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണമെന്നും ആവശ്യപ്പെടുന്നു.

2014-15കാലയളവിൽ അനുവദിച്ച പ്ലസ് ടു സ്കൂളുകളിലെ തസ്തികനിർണ്ണയം എത്രയും വേഗം പൂർത്തിയാക്കി അധ്യാപക അനധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകി കുട്ടികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കണം. 03/02/2016 ലെ സർക്കാർ ഉത്തരവുപ്രകാരം ഗവണ്മെന്റ് നോമിനിയെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുകയുണ്ടായി. പ്രസ്തുത ഭേദഗതിമൂലം അനാവശ്യമായ കാലതാമസം അധ്യാപക നിയമനത്തിൽ നേരിടുന്നു. പ്രസ്തുത ഭേദഗതി പിൻവലിക്കേണ്ടതാണ്.

കോളേജുകളിൽ സർവ്വീസിൽനിന്നും വിരമിച്ച അധ്യാപക അനധ്യാപകരുടെ ഒഴിവുകളിൽ പുതിയ നിയമനങ്ങൾ നടത്താത്തതിനാൽ കോളേജുകളുടെ അനുദിന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ സാധിക്കുന്നില്ല. 2013-14 -ൽ അനുവദിച്ച പുതിയ എയ്ഡഡ് കോഴ്സുകൾക്കും തസ്തികകൾ അനുവദിച്ചിട്ടില്ല. അധ്യാപകരുടെ ക്ലാസ് അവറുകളുടെ കാര്യത്തിൽ തീരുമാനമാകാത്തതുകൊണ്ടാണ് തസ്തിക നിർണ്ണയം നീണ്ടുപോകുന്നത്. അധ്യാപക തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പ് പാനലിനെ സംബന്ധിച്ചും യു.ജി.സി.യുടെ നിർദ്ദേശം പുന:പരിശോധിക്കണമെന്നും ഗുണപരമായ തീരുമാനം എത്രയും വേഗം എടുക്കണമെന്നും കെ.സി.ബി.സി. സർക്കാരിനോട് ആവശ്യപ്പെട്ടു. കോളേജ് അധ്യാപനരംഗത്തു നിന്ന് വിദ്യാഭ്യാസമന്ത്രിസ്ഥാനത്തേക്ക് ഉയർത്തപ്പെട്ടിരിക്കുന്ന പുതിയ വിദ്യാഭ്യാസമന്ത്രിക്ക് ഇക്കാര്യങ്ങൾ വേഗത്തിൽ മനസ്സിലാക്കി ഉചിതമായ തീരുമാനം ഉണ്ടാക്കാൻ സാധിക്കുമെന്ന് യോഗം അഭിപ്രായപ്പെട്ടു. **(കെസിബിസി, വിദ്യാഭ്യാസകമ്മീഷൻ, ദീപിക, 8/6/2016)**

# ഭ്രൂണഹത്യക്ക് ലൈസൻസ് കൊടുക്കുവാൻ കേന്ദ്രസർക്കാർ തയ്യാറാകരുത്

**കൊച്ചി:** ഭ്രൂണഹത്യക്ക് അനുകൂല്യമായ സാഹചര്യമൊരുക്കി അനുയയോജ്യരായവർക്ക് ലൈസൻസ് കൊടുക്കുന്ന തരത്തിലുള്ള നിയമനിർമാണ നീക്കത്തിന് കേന്ദ്ര സർക്കാർ തയ്യാറാകരുതെന്ന് കെസിബിസി പ്രൊ-ലൈഫ് സമിതി ആവശ്യപ്പെട്ടു. ഇപ്പോൾ അലോപ്പതി ഡോക്ടർമാർക്കുമാത്രം കർശന നിയന്ത്രണത്തിലൂടെ ഗർഭഛിദ്രം നടത്തുവാനുള്ള സാഹചര്യമാണുള്ളത്.. എന്നാൽ കേന്ദ്രസർക്കാർ തയ്യാറാക്കുന്ന പുതിയ നിയമത്തിൽ ഗർഭഛിദ്ര ശസ്ത്രക്രിയയ്ക്ക് മിഡ് വൈഫ് നഴ്സുമാർക്കുപോലും അനുമതി നൽകുന്നതിനുള്ള നീക്കമാണുള്ളത്.

1971 ലെ മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗനൻസി ആക്ട്, കൂടുതൽ കർശനമാക്കുകയോ, റദ്ദു ചെയ്യുകയോ ആണ് വേണ്ടത്. അതിനു പകരം കൂടുതൽ ഉദാരമാക്കി ഭ്രൂണഹത്യയ്ക്ക് കൂടുതൽ അനുകൂലമായ സാഹചര്യമൊരുക്കുവാൻ കേന്ദ്ര ആരോഗ്യ വകുപ്പ് നിയമനിർമാണ ഭേദഗതി ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതിന്റെ പശ്ചാത്തലത്തിലാണ് പ്രൊലൈഫ്- സമിതി ഈ ആവശ്യം ഉന്നയിച്ചത്.

ഡോക്ടർമാരുടെ കുറവ് നികത്താൻ പരിശ്രമിക്കുന്നതിനു പകരം ശാസ്ത്രീയമായ ശസ്ത്രക്രിയാ സമ്പ്രദായമില്ലാത്ത ആയുർവേദം, ഹോമിയോ തുടങ്ങിയ മേഖലകളിലേക്ക് ഗർഭഛിദ്രത്തിനുള്ള അനുമതി നൽകിയാൽ അമ്മയുടെയും കുഞ്ഞിന്റെയും കൂടുതൽ മരണങ്ങൾക്ക് അത് സാഹചര്യം സൃഷ്ടി

ക്കുമെന്നും സമിതി വിലയിരുത്തി. മാതൃമരണനിരക്ക് വർദ്ധിക്കുന്നതുവഴി കുടുംബ സംരക്ഷണത്തിനും സ്ത്രീ സംരക്ഷയ്ക്കും ഭീഷണിയുയർത്തും. അമ്മയും കുഞ്ഞും സംരക്ഷിക്കപ്പെടുവാനുള്ള തലത്തിലുള്ള കുടുംബസംരക്ഷണ നയമാണ് സർക്കാർ നടപ്പിലാക്കേണ്ടത്.

**തീരുമാനങ്ങൾ**

1. കേന്ദ്രത്തിലെ മുഴുവൻ എം.പിമാർക്കും നിവേദനം നൽകും. കേരളത്തിൽനിന്നുള്ള എംപിമാരെ നേരിൽകണ്ട് ബോധ്യപ്പെടുത്തും. ആവശ്യമെങ്കിൽ പ്രധാനമന്ത്രി, കേന്ദ്ര ആരോഗ്യമന്ത്രി, മുഖ്യമന്ത്രി എന്നിവരെ കണ്ട് സംസാരിക്കുവാൻ പ്രതിനിധി സംഘത്തെ അയയ്ക്കും.
2. ഒരു ലക്ഷത്തോളം കത്തുകളും ഇ-മെയിലുകളും അയയ്ക്കും.
3. ബോധവത്കരണത്തിന്റെ ഭാഗമായി പ്രതിഷേധറാലി, സമ്മേളനങ്ങൾ എന്നിവ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിക്കും **(കെസിബിസി പ്രൊ-ലൈഫ് സമിതി, ദീപിക, 14/6/2016)**

# പുതിയ കേന്ദ്ര വിദ്യാഭ്യാസനയം ഏകപക്ഷീയമായി അടിച്ചേല്പിക്കരുത്

**കൊച്ചി:** കേന്ദ്ര സർക്കാരിന്റെ പുതിയ വിദ്യാഭ്യാസനയരൂപീകരണം സംബന്ധിച്ച് ക്യാബിനറ്റ് സെക്രട്ടറി ടി. എസ്. ആർ. സുബ്രമണ്യം കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കുന്നതിനു മുൻപ് വിശദമായ ചർച്ചകൾക്കും പഠനങ്ങൾക്കും വിധേയമാക്കണമെന്ന് കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് ആവശ്യപ്പെട്ടു.

2009-ലെ കേന്ദ്ര വിദ്യാഭ്യാസഅവകാശനിയമവുമായി ചേർന്നു പോകുന്നതല്ല പുതിയ വിദ്യാഭ്യാസനയത്തിന്റെ ശിപാർശകൾ. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിൽ ആശങ്ക പ്രകടിപ്പിക്കുന്ന കമ്മീഷൻ ഭാരതത്തിന്റെ വിദ്യാഭ്യാസരംഗത്ത് ഈ ന്യൂനപക്ഷ വിഭാഗങ്ങൾ നൽകിയ വിസ്മരിക്കാനാവാത്ത സംഭാവനകളെ കണ്ടില്ലെന്ന് നടിക്കുകയാണ്. ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ സംവരണം, അധ്യാപകനിയമനം തുടങ്ങി, ന്യൂനപക്ഷവിദ്യാഭ്യാസസ്ഥാപനങ്ങളുടെ അവകാശങ്ങളിൽ കടുത്ത നിയന്ത്രണവും പുതിയ വിദ്യാഭ്യാസ നയം ലക്ഷ്യം വയ്ക്കുന്നു. ഇത് ഭരണഘടനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്.

ഭാരതത്തിലെ വിദ്യാഭ്യാസമേഖല ആവശ്യമെങ്കിൽ കാവിവൽക്കരിക്കുമെന്ന കേന്ദ്ര മാനവശേഷി സഹമന്ത്രി റാം ശങ്കർ കഠാരിയുടെ പ്രസ്താവന ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ നിലപാട് സംബന്ധിച്ച സൂചന നൽകുന്നു. ഭാരതത്തിന്റെ ബഹുസ്വരത നിലനിൽക്കണമെന്നാഗ്രഹിക്കുന്ന മുഴുവൻ മതേതര വിശ്വാസികൾക്കും ആശങ്ക സൃഷ്ടിക്കുന്നതാണ് കേന്ദ്ര മാനവശേഷി സഹമന്ത്രിയുടെ പ്രസ്താവന. കമ്മിറ്റി റിപ്പോർട്ട് പൊതുചർച്ചയ്ക്ക് വിഷയീഭവിപ്പിക്കാതെ പുതിയ വിദ്യാഭ്യാസനയം ഏകപക്ഷീയമായി നടപ്പിലാക്കാൻ ശ്രമിച്ചാൽ ന്യൂനപക്ഷ - മതേതര വിശ്വാസികളുടെ ശക്തമായ ചെറുത്തുനില്പ് സംഘടിപ്പിക്കാനും കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാനസമിതി യോഗം തീരുമാനിച്ചു. കേന്ദ്ര വിദ്യാഭ്യാസനയത്തെ കുറിച്ച് വിശദമായ പഠനം നടത്തുന്നതിന് ജൂലൈ 29, 30 (വെള്ളി, ശനി) തിയതികളിൽ എറണാകുളം പി.ഒ.സി.യിൽ ദ്വിദിന പഠനശിബിരം നടത്താനും യോഗം തീരുമാനിച്ചു. **(കെസിബിസി, കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്, ദീപിക, 29/6/2016)**

## വാർത്തകൾ

# വികസനം മുരടിപ്പിക്കാത്ത പരിസ്ഥിതി സംരക്ഷണം വേണം:

## മുഖ്യമന്ത്രി പിണറായി വിജയൻ

**തിരുവനന്തപുരം:** വികസനം മുരടിപ്പിക്കാത്ത പരിസ്ഥിതി സംരക്ഷണമാണു സർക്കാർ ലക്ഷ്യമിടുന്നതെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. വികസനത്തിന്റെ കാര്യത്തിൽ വിട്ടുവീഴ്ചയില്ല. അതേസമയം, വികസനത്തിനായി പരിസ്ഥിതിയുടെ കഥ കഴിക്കുന്ന അവസ്ഥയും ഉണ്ടാകില്ലെന്നു പരിസ്ഥിതി ദിനാചരണ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു പിണറായി അറിയിച്ചു. പരിസ്ഥിതി സംബന്ധമായ കാര്യങ്ങൾക്ക് ഇടതുമുന്നണി മുന്തിയ പരിഗണനയാണു നൽകുന്നത്. അധികാരത്തിൽ എത്തിയശേഷം ആ നിലപാടിൽ വെള്ളം ചേർക്കാൻ ആഗ്രഹിക്കുന്നില്ല. ഭാരതപ്പുഴ പോലെ നാശത്തിന്റെ വക്കിലായ നദികളുടെയും പുഴകളുടെയും സംരക്ഷണവും വിണ്ടെടുക്കലും അടിയന്തര ആവശ്യമാണ്. ഖനനവുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാൻ ഖനനം പൊതു ഉടമസ്ഥതയിലാക്കണമെന്ന നിലപാടിൽ തന്നെയാണു സർക്കാരെന്നും മുഖ്യമന്ത്രി പറഞ്ഞു. ... **(മലയാള മനോരമ 6/6/2016)**

# കത്തോലിക്കാ പള്ളികൾ കൂദാശയോടെ സഭയുടേതാകും: ഹൈക്കോടതി

**കൊച്ചി:** കത്തോലിക്കാ പള്ളി പണിയാൻ സ്ഥലം നൽകിയെന്നോ പള്ളി പണിതെന്നോ ഉള്ള കാരണങ്ങൾ‌ാൽ പള്ളിയും വസ്തുക്കളും പൊതുട്രസ്റ്റ് ആകില്ലെന്നും അതു സഭയുടെ സ്വന്തമാണെന്നും ഹൈക്കോടതി വ്യക്തമാക്കി. കത്തോലിക്കാ പള്ളി കൂദാശ ചെയ്യുന്നതോടെ സഭയുടെ വസ്തുവായി തീരണമെന്നാണു കാനോൻ നിയമം. ഏതെങ്കിലും വിശ്വാസി സ്ഥലം നൽകുകയോ പള്ളി പണിക്കു സംഭാവന നൽകുയോ ചെയ്യുന്നത് അപ്രസക്തമാണെന്നു കോടതി വ്യക്തമാക്കി. എഴുപുന്ന സെന്റ് റാഫേൽ പള്ളി സംബന്ധിച്ച തർക്കത്തിലാണു ജസ്റ്റിസ് പി.ബി.സുരേഷ്കുമാറിന്റെ ഉത്തരവ്. കാനോനിക നിയമപ്രകാരം സീറോ മലബാർ സഭ കത്തോലിക്കാ സഭയുടെ ഭാഗമാണ്. കത്തോലിക്കാ വിശ്വാസം പിൻതുടരുന്ന സീറോ മലബാർ സഭാംഗങ്ങൾക്കു കാനോനിക നിയമത്തിന്റെ ചട്ടങ്ങൾ ബാധകമാണ്. ഇതനുസരിച്ചു സഭയുടെ ആധ്യാത്മിക, ഭൗതിക കാര്യങ്ങൾ ബിഷപ്പിന്റെ നിയന്ത്രണത്തിലാണ്. പള്ളിക്കു ഭൂമി നൽകുകയും പള്ളിപണിയുകയും അറ്റകുറ്റപ്പണികൾ തീർക്കുകയോ ചെയ്താലും വസ്തുക്കൾ പബ്ലിക് ട്രസ്റ്റിന്റെതാണെന്നു വാദിക്കാൻ സീറോ മലബാർ സഭാംഗങ്ങളായ കത്തോലിക്കാ വിശ്വാസികൾക്കു സാധ്യമല്ല; കോടതി വ്യക്തമാക്കി. ...**(മലയാളമനോരമ 8/6/2016)**

# മൈത്രി കൂട്ടായ്മ കാലഘട്ടത്തിന്റെ ആവശ്യം:

## കർദിനാൾ മാർബസേലിയോസ് ക്ലീമിസ് ബാവ

**കൊച്ചി:** കെസിബിസി ഡയലോഗ് ആൻഡ് എക്യുമെനിസം കമ്മീഷന്റെ നേതൃത്വത്തിൽ കേരളത്തിലെ സ്കൂളുകളിൽ ആരംഭിക്കുന്ന മൈത്രീ കൂട്ടായ്മയുടെ ലോഗോ പ്രകാശനം കെസിബിസി പ്രസിഡന്റ് മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കതോലിക്കാബാവ നിർവഹിച്ചു. പി.ഒ.സിയിൽ നടന്ന ചടങ്ങിൽ സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ലോഗോ ഏറ്റുവാങ്ങി. ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട് അധ്യക്ഷത വഹിച്ചു. മാനവമൈത്രി, മതമൈത്രി, ഭൂമൈത്രി എന്നീ മൂന്ന് മേഖലകളിലൂന്നിയ പ്രവർത്തനങ്ങൾക്കാണു കൂട്ടായ്മ മുൻതൂക്കം നൽകുന്നത്. എല്ലാ മനഷ്യരോടും സൗഹാർദം വളർത്തിക്കൊണ്ട്, പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടുള്ള മൈത്രീ കൂട്ടായ്മ വിദ്യാർഥികളിലൂടെ സാക്ഷാത്കരിക്കുകയെന്നതാണ് ലക്ഷ്യമെന്ന് ചെയർമാൻ മാർ മാത്യു മൂലക്കാട്ട് അഭിപ്രായപ്പെട്ടു. .... **(ദീപിക 9/6/2016)**

# ഭീകരത ഏറ്റവും വലിയ ഭീഷണി:

## പ്രധാനമന്ത്രി നരേന്ദ്രമോദി

**വാഷിങ്ടൺ:** ഭീകരതയാണ് ഇന്ന് ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ആഗോളതലത്തിൽ തീവ്രവാദത്തിനെതിരെ യോജിച്ച പോരാട്ടമാണ് ആവശ്യമെന്നും അമേരിക്കൻ പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെ അഭിസംബോധനചെയ്തു നരേന്ദ്ര മോദി വ്യക്തമാക്കി. വാഷിങ്ടണിലെ കാപ്പിറ്റോൾ ഹില്ലിൽ നടന്ന കോൺഗ്രസ്– സെനറ്റ് സംയുക്ത സമ്മേളനത്തിലേക്ക് അംഗങ്ങൾ വൻ ഹർഷാരവത്തോടെയാണ് ഇന്ത്യൻ പ്രധാനമന്ത്രിയെ സ്വീകരിച്ചത്.

ഇന്ത്യയുടെ അയൽപക്കം ഭീകരവാദത്തെ വളർത്തുകയാണെന്നും മോദി കുറ്റപ്പെടുത്തി. ഭീകരതയെ പിന്തുണയ്ക്കുന്നവരെ ഒറ്റപ്പെടുത്തണം. യു.എസ്. കോൺഗ്രസ് ഇതുസംബന്ധിച്ച് വ്യക്തമായ സന്ദേശം നൽകണമെന്നും മോദി ആവശ്യപ്പെട്ടു. ... **(മാതൃഭൂമി 9/6/2016)**

# ഫാ. ടോം ഉഴുന്നാലിനെ കണ്ടെത്താൻ വിദേശകാര്യ മന്ത്രാലയത്തിന്റെ പ്രത്യേക സെൽ

**ന്യൂഡൽഹി:** യെമനിൽ ഭീകരർ തട്ടിക്കൊണ്ടു പോയ മലയാളി വൈദികൻ ഫാ.ടോം ഉഴുന്നാലിലിന്റെ മോചനത്തിനായി എല്ലാ വഴികളും തേടുന്നുണ്ടെന്നു കേന്ദ്ര സർക്കാർ. വൈദികനെ കണ്ടെത്തുന്നതിനായി വിദേശകാര്യ മന്ത്രാലയത്തിന്റെ പ്രത്യേകസെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും കേന്ദ്രവിദേശകാര്യ മന്ത്രി സുഷമ സ്വരാജ് അറിയിച്ചു. യെമനിലെ അധികൃതരുമായും രാജ്യാന്തര ഏജൻസികൾ ഉൾപ്പടെ വിവിധ അന്വേഷണ ഏജൻസികളുമായും ഈ സെൽ ദിവസേന ബന്ധപ്പെടുന്നുണ്ട്. ഓരോ ദിവസവും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെൽ വിദേശകാര്യ മന്ത്രാലയത്തിനു റിപ്പോർട്ട് കൈമാറുന്നുണ്ടെന്നും സുഷമ പറഞ്ഞു. തന്നെ സന്ദർശിച്ച ബിജെപി സംസ്ഥാന പ്രസിഡന്റ് കുമ്മനം രാജശേഖരനെയാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. ... **(ദീപിക 9/6/2016)**

# ഏറ്റവും കൂടുതൽ തൊഴിൽ രഹിതർ ക്രൈസ്തവ സമൂഹത്തിൽ

**തൃശൂർ:** ഇന്ത്യയിൽ ഏറ്റവും കൂടുതൽ കൊഴിൽരഹിതരുള്ള സമൂഹം ക്രൈസ്തവരാണെന്ന കണ്ടെത്തലുമായി നാഷണൽ സാമ്പിൾസ് സർവേ ഓർഗനൈസേഷന്റെ റിപ്പോർട്ട്. ഇന്ത്യയിലെ പ്രധാന മതവിഭാഗങ്ങൾ തൊഴിൽ ഉള്ളവരുടെയും ഇല്ലാത്തവരുടെയും 2011–12ലെ സ്ഥിതിവിവരം 2016 മാർച്ചിലാണ് പുറത്തുവിട്ടത്. ഇതുസരിച്ച് ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിദ്യാസമ്പന്നരുള്ള ക്രൈസ്തവ സമൂഹത്തിലാണ് ഏറ്റവും കൂടുതൽ തൊഴിൽരഹിതരുള്ളതെന്ന ആശങ്കാജനകമായ യാഥാർഥ്യം ടൈംസ് ഓഫ് ഇന്ത്യ ഉൾപ്പെടെയുള്ള ദേശീയ മാധ്യമങ്ങൾ പ്രസിദ്ധീകരിച്ചു. ഏറ്റവും കൂടുതൽ വിദ്യാസമ്പന്നരുള്ള സമൂഹം, ഏറ്റവും കൂടുതൽ സ്കൂളുകളും കോളേജുകളും തൊഴിലധിഷ്ഠിത സ്ഥാപനങ്ങളും ആതുരാലയങ്ങളും നടന്ന സമൂഹം, നൂറ്റാണ്ടുകളായി ഈ രംഗങ്ങളിലെ കേരളത്തിന്റെ പുരോഗതിക്കും വികസനത്തിനും വേണ്ടി നിസ്തുലമായ സംഭാവനകൾ നൽകിപ്പോരുന്ന സമൂഹം തുടങ്ങിയ പദവികളുള്ള ക്രൈസ്തവരിൽ തൊഴിൽരഹിതർ വർധിക്കുന്നുവെന്ന കണ്ടെത്തൽ സഭാതലത്തിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. **(കത്തോലിക്കാസഭ, ജൂൺ, 2016)**

# ആയുധ പ്രവാഹം ലജ്ജിപ്പിക്കുന്നത്:

## ഫ്രാൻസിസ് മാർപാപ്പ

**റോം:** ലോകമെമ്പാടും ആയുധങ്ങൾ നിർലജ്ജം വിതരണം ചെയ്യപ്പെടുന്നുവെന്നു ഫ്രാൻസിസ് മാർപാപ്പ. മാനുഷിക സഹായം എത്തിക്കാൻ സന്നദ്ധസംഘടനകൾക്ക് ഉദ്യോഗസ്ഥതലത്തിൽ ഒട്ടേറെ തടസ്സങ്ങൾ നേരിടേണ്ടിവരുമ്പോൾ, ലോകത്തെവിടെയും മാരകായുധങ്ങൾ ലഭിക്കാൻ യാതൊരു ബുദ്ധിമുട്ടുമില്ല – വേൾഡ് ഫുഡ് പ്രോഗ്രാം (ഡബ്ല്യുഎഫ്പി) ആസ്ഥാനം സന്ദർശിക്കവെ മാർപാപ്പ പറഞ്ഞു. ജീവകാരുണ്യ സഹായവും വികസനവും എത്തിക്കാനുള്ള വിവിധ പദ്ധതികൾ രാഷ്ട്രീയ തീരുമാനങ്ങളിൽ കുടുങ്ങിക്കിടക്കുകയാണ്. ഇതിന് ആശയപരവും നിയമപരവുമായ ഒട്ടേറെ തടസ്സങ്ങളാണുള്ളത്. ആയുധങ്ങളുടെ കാര്യത്തിൽ ഇതൊന്നുമില്ല. ആയുധങ്ങൾ എവിടെനിന്നു വന്നാലും സമ്പൂർണ സ്വാതന്ത്ര്യത്തോടെ നിർലജ്ജം ലോകത്ത് അവ വിതരണം ചെയ്യപ്പെടുകയാണ്. ഇതുമൂലം യുദ്ധങ്ങൾക്കാണ് അന്നം നൽകുന്നത്. മനുഷ്യർക്കല്ല– മാർപാപ്പ പറഞ്ഞു. കൂട്ടക്കൊലയിൽ മാർപാപ്പ നടുക്കവും ദു;ഖവും രേഖപ്പെടുത്തി. **(മലയാള മനോരമ 14/6/2016)**

# മുഴുവൻ കേന്ദ്ര സർവകലാശാലകളിലും യോഗ പഠനവകുപ്പുകൾ തുടങ്ങാൻ തീരുമാനം

**ന്യൂഡൽഹി:** രാജ്യത്തെ മുഴുവൻ സർവകലാശാലകളിലും യോഗ പഠനവകുപ്പുകൾ തുടങ്ങാൻ കേന്ദ്ര സർക്കാർ തീരുമാനം. ഇതിന്റെ ഭാഗമായി രാജ്യത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിലുള്ള ആറു സർവകലാശാലകളിൽ ഈ വർഷംതന്നെ കോഴ്സുകളാരംഭിക്കും. ദക്ഷിണേന്ത്യയിൽ നിന്നു കാസർകോടുള്ള കേന്ദ്ര സർവകലാശാലയിലാണ് ഈ വർഷം മുതൽ ക്ലാസുകളാരംഭിക്കുന്നത്. **(സുപ്രഭാതം 20/6/2016)**

# ബാർവിഷയം പഠിക്കാൻ സി.പി.എം. കമ്മിഷൻ

**കോട്ടയം:** ബാറുകൾ തുറക്കുന്നതു സംബന്ധിച്ചു തീരുമാനമെടുക്കാൻ സി.പി.എം പാർട്ടി തലത്തിൽ കമ്മീഷനെ നിയോഗിക്കുന്നു. ബാർവിഷയത്തിൽ പൊതുജനാഭിപ്രായം തേടുന്നതിനും വിദേശമദ്യബാറുകൾ നിർത്തലാക്കിയശേഷമുള്ള മദ്യ ഉപയോഗത്തിന്റെ തോതിനെപ്പറ്റി പഠിക്കുന്നതിനുമാണു കമ്മീഷനെ നിയോഗിക്കുന്നത്. കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മദ്യനയത്തിൽ മാറ്റം വരുത്താനാണ് ഇടതു സർക്കാർ തീരുമാനം. അടുത്ത ബജറ്റിൽ മദ്യനയത്തിൽ ഇതുസംബന്ധിച്ച പ്രഖ്യാപനം ഉണ്ടായേക്കും. ഇതു മുൻനിർത്തി കമ്മീഷൻ പ്രവർത്തനം ഫോർ സ്റ്റാർ ഹോട്ടലുകൾക്കു ബാർ ലൈസൻസ് നൽകുന്നതു സംബന്ധിച്ചും തീരുമാനം എടുത്തേക്കും. നിലവിൽ 103 ഫോർ സ്റ്റാർഹോട്ടലുകളിലെ ബാർ ലൈസൻസാണ് യു.ഡി.എഫ്. സർക്കാർ അവസാനിപ്പിച്ചത്. ഇവ പുതുക്കിനൽകാമെന്ന ഉറപ്പ് ബാർ ഹോട്ടൽ ഉടമകൾക്കു ലഭിച്ചതായി അറിയുന്നു. ഇതിനായുള്ള മുന്നൊരുക്കങ്ങൾ ഫോർ സ്റ്റാർ ഹോട്ടലുകളിൽ ആരംഭിച്ചിട്ടുണ്ട്. ഏഴു ത്രീ സ്റ്റാർ ഹോട്ടലുകൾ ഫോർ സ്റ്റാറായി ഉയർത്താനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. യു.ഡി.എഫ് സർക്കാർ ഘട്ടം ഘട്ടമായി മദ്യനിരോധനം നടപ്പാക്കുന്നതിന്റെ ഭാഗമായി ബാർ ലൈസൻസ് ഫൈവ് സ്റ്റാർ ഹോട്ടലുകൾക്കു മാത്രമാക്കി നിയന്ത്രിച്ച 730 ഹോട്ടലുകളുടെയും റദ്ദാക്കിയിരുന്നു. തുടക്കത്തിൽ 24 ഫൈവ് സ്റ്റാർ ഹോട്ടലുകൾക്കു മാത്രമായിരുന്നു ലൈസൻസ്. തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനു തൊട്ടുമുമ്പ് ഫൈവ് സ്റ്റാർ പദവി നൽകി ഏഴു ബാറുകൾകൂടി അനുവദിച്ചു. ... **(മംഗളം 16/6/2016)**

# മതങ്ങളുടെ പേരിലുള്ള അസത്യപ്രചാരണം സ്വന്തം മതത്തോടുള്ള അവഹേളനം:

## പ്രഫ. എം. കെ. സാനു

**കൊച്ചി:** ഏതു മതത്തിന്റെ പേരിലും അസത്യങ്ങൾ പ്രചരിപ്പിക്കുന്നത് സ്വന്തം മതത്തോടും വിശ്വാസത്തോടുമുള്ള അവഹേളനമാണെന്ന് പ്രഫ.എം.കെ. സാനു അഭിപ്രായപ്പെട്ടു. കന്ദമാൽ കലാപങ്ങളുടെ പശ്ചാത്തലത്തിൽ മാധ്യമപ്രവർത്തകൻ ആന്റോ അക്കര എഴുതിയ ഹൂ കിൽഡ് സ്വാമി ലക്ഷ്മണാനന്ദ എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തിന്റെ പ്രകാശനം കൊച്ചിയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. വ്യത്യസ്ത മതങ്ങൾ സമഭാവനയോടെ പ്രവർത്തിക്കുന്ന നാട്ടിൽ മതത്തിന്റെ പേരിലുള്ള കലഹങ്ങളും വ്യാജപ്രചാരണങ്ങളും രാജ്യത്തിനാകെ അപമാനമാണ്. ഭാരതത്തിന്റെ ശ്രദ്ധ വേണ്ട രീതിയിൽ ലഭിക്കാതെ പോയ കാന്ദമാലിലെ കലാപത്തെയും അതിന്റെ ഉറവിടങ്ങളെയും കാരണങ്ങളെയും വസ്തുനിഷ്ഠമായി പഠിച്ച് അപഗ്രഥിക്കുന്ന ഈ പുസ്തകത്തിൽ സത്യാന്വേഷിയായ ഒരു പത്രപ്രവർത്തകന്റെ തീക്ഷ്ണത കാണാനാകും. ദാർശനിക ഗ്രന്ഥങ്ങൾ രചിക്കുന്നതിനെക്കാൾ സഹനം ഇത്തരം അന്വേഷണാത്മക രചനകൾ നിർവഹിക്കുമ്പോൾ അനുഭവിക്കേണ്ടിവരും. മാധ്യമധർമം ശരിയായി നിർവഹിക്കുമ്പോഴാണ് സാമൂഹ്യജീവിതത്തെ അപകടകരമായി ബാധിക്കുന്ന മാലിന്യങ്ങളെ നീക്കിക്കളയാനാവുക. അതിനുള്ള അഭിനന്ദനാർഹമായ പരിശ്രമമാണ് ആന്റോ അക്കരയുടെ ഗ്രന്ഥമെന്ന് പ്രഫ. സാനു പറഞ്ഞു. ... **(ദീപിക 16/6/2016)**

# ദേശീയ വിദ്യാഭ്യാസനയത്തിന്റെ കരട് പുറത്തിറക്കി

**ന്യൂഡൽഹി:** വിദ്യാഭ്യാസ രംഗത്ത് സമൂല പരിഷ്കരണത്തിനുള്ള നിർദേശങ്ങൾ അടങ്ങിയ ദേശീയ വിദ്യാഭ്യാസനയത്തിന്റെ കരട് റിപ്പോർട്ട് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം പുറത്തുവിട്ടു. മുൻ ക്യാബിനറ്റ് സെക്രട്ടറി ടി.എസ്.ആർ സുബ്രഹ്മണ്യന്റെ നേതൃത്വത്തിലുള്ള സമിതിയാണ് കരടു നയം തയാറാക്കിയത്. പത്താം ക്ലാസ് ബോർഡ് പരീക്ഷ കണക്ക്, സയൻസ് വിഷയങ്ങളിൽ രണ്ടു തലത്തിൽ നടത്തണമെന്നതാണ് പ്രധാന നിർദേശങ്ങളിൽ ഒന്ന്. പ്ലസ്ടു പഠനം പൂർത്തിയാക്കുന്നവർക്കായി പൊതു പ്രവേശന പരീക്ഷ നടത്തണമെന്നും എല്ലാ ഉന്നത വിദ്യഭ്യാസ കോഴ്സുകളുടെയും പ്രവേശനത്തിന് ഇത് മാനദണ്ഡമാക്കണമെന്നുമാണ് മറ്റൊരു നിർദേശം. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഒന്നു മുതൽ എട്ടുവരെ റാങ്കുകളായി തിരിച്ച് പദ്ധതികൾ ആവിഷ്ക്കരിക്കണം. വിദേശ സർവകലാശാലകൾക്ക് ഇന്ത്യയിൽ ക്യാമ്പസ് ആരംഭിക്കാൻ കഴിയുന്ന തരത്തിൽ പുതിയ ഉന്നത വിദ്യാഭ്യാസ നിയമം കൊണ്ടുവരണം 100 പുതിയ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കണം. ഇങ്ങനെ പോകുന്നു കരട് നയത്തിലെ നിർദേശങ്ങൾ. ... **(ചന്ദ്രിക 19/6/2016)**

# മദർ തെരേസയ്ക്കെതിരേ വീണ്ടും

**ബസ്തി: (യു.പി):** സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം നേടിയ മദർ തെരേസ ഇന്ത്യയിൽ പ്രവർത്തിച്ചത് ഇന്ത്യയെ ക്രൈസ്തവല്ക്കരിക്കാനുള്ള ഗൂഡാലോചനയുടെ ഭാഗമായിരുന്നുവെന്ന് ബി.ജെ.പി യോഗി ആദിത്യനാഥ് , ബസ്തിയിൽ ഒരു മതചടങ്ങിൽ പങ്കെടുക്കുകയായിരുന്നു. ആദിത്യനാഥ്. അരുണാചൽപ്രദേശ്, ത്രിപുര, മേഘാലയ, നാഗാലാൻഡ് എന്നീ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ അവർ നടത്തിയ കാര്യങ്ങൾ നിങ്ങൾക്കറിയില്ല. യഥാർഥ അവസ്ഥ അറിയണമെങ്കിൽ അവിടം സന്ദർശിക്കണം-ആദിത്യനാഥ് പറഞ്ഞു. രാമക്ഷേത്രം പണിയുന്നതിൽനിന്ന് ആർക്കും തങ്ങളെ തടയാൻ കഴിയില്ല. ബാബറി മസ്ജിദ് തകർക്കാൻ കർസേവകർക്ക് കഴിഞ്ഞിട്ടുണ്ടെങ്കിൽ ക്ഷേത്രം തങ്ങൾ പണിയുമെന്നും എം.പി. ഭീഷണി മുഴക്കി. ആർഎസ്എസ് തലവൻ മോഹൻ ഭാഗവതും നേരത്തെ മദർ തെരേസയെ ആക്ഷേപിച്ചിരുന്നു. മദർ തെരേസയുടെ സേവനങ്ങൾ മതപ്രചാരണത്തിന്റെ ഭാഗമായിരുന്നുവെന്നാണ് ഭാഗവത് പറഞ്ഞത്. .... **(ദേശാഭിമാനി 21/6/2016)**

# ഭീകരതക്കെതിരെ ലോകം ഉണരണം:

## കർദിനാൾ മാർ ജോർജ് ആലഞ്ചേരി

**കൊച്ചി:** ഭീകരതയ്ക്കെതിരേ ഐക്യരാഷ്ട്രസഭയും ലോകരാഷ്ട്രങ്ങളും ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ടെന്ന് സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. ഭികരതയ്ക്ക് ഇരകളായി ആയിരക്കണക്കിനു നിരപരാധികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കൊല്ലപ്പെടുന്നത് ആശങ്കാജനകമാണെന്നും കർദിനാൾ പറഞ്ഞു. സിറിയൻ ഓർത്തഡോക്സ് സഭാതലവൻ പരിശുദ്ധ പാത്രിയാർക്കീസ് ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ ബാവയ്ക്കു നേരെ ജന്മനാടായ സിറിയയിലെ ഖാമിഷ്‌ലിയിലുണ്ടായ ചാവേറാക്രമണത്തിൽ ദു:ഖവും നടുക്കവും അറിയിച്ച് അദ്ദേഹത്തിനെഴുതിയ കത്തിലാണു കർദീനാൾ മാർ ആലഞ്ചേരി ഇക്കാര്യം വ്യക്തമാക്കിയത്. പാത്രിയർക്കീസ് ബാവ സുരക്ഷിതനാണെന്നറിയുന്നതിൽ സന്തോഷമുണ്ട്. ... **(ദീപിക 21/6/2016)**

# അർജന്റീന പ്രസിഡന്റിന്റെ സംഭാവന നിരസിച്ച മാർപാപ്പയുടെ തീരുമാനം മാതൃകാപരം

അർജന്റീനയുടെ പ്രസിഡന്റ് മൗരീസ്യോ മാക്രി സന്നദ്ധപ്രസ്ഥാനമായ സ്കോളാസ് ഒക്കുറൻസ് ഫൗണ്ടേഷനു നൽകിയ പത്തുലക്ഷം യൂറോ (എഴര കോടി രൂപ)യുടെ സംഭാവന നിരസിച്ച ഫ്രാൻസിസ് മാർപാപ്പയുടെ തീരുമാനം ധീരവും മാതൃകാപരവുമാണ്. അന്ധകാരത്തിലും പ്രകാശം പരത്തുന്നതാണു മാർപാപ്പയുടെ പല നിലപാടുകളും തീരുമാനങ്ങളും, ഇറ്റാലിയൻ കുടിയേറ്റക്കാരനായ ഫ്രഞ്ചെസ്കോ മാക്രി എന്ന സമ്പന്ന ബിസിനസുകാരന്റെ മകനാണു പ്രസിഡന്റ് മൗറീസ്യോ മാക്രി.

ത്യാഗസന്നദ്ധതയും സേവനതത്പരതയുമുള്ള ധാർമിക പ്രസ്ഥാനങ്ങൾ അവിഹിത മാർഗങ്ങളിലൂടെ ധനം സമ്പാദിക്കുന്നവരുടെ കറപിടിച്ച കറൻസികൊണ്ടു പ്രവർത്തിക്കേണ്ടതല്ല എന്ന സന്ദേശംകൂടി ഈ തീരുമാനം നൽകുന്നു. അവിഹിതമായി സ്വത്ത് സമ്പാദിക്കുന്നവർ അതിലൊരു പങ്ക് സഭയ്ക്കു നൽകി ആശ്വാസമടയുന്നതിനെ വിമർശിക്കുന്നയാളാണു ഫ്രാൻസിസ് മാർപാപ്പ. ഏതു മാർഗത്തിലൂടെയും പണം സമ്പാദിക്കുന്നവർക്ക് ആ പണത്തിന്റെ പ്രൗഢി അവർക്കു മാന്യത നൽകുമെന്നുള്ള സമൂഹധാരണയെ തിരുത്തുന്നതിനും മാർപാപ്പയുടെ തീരുമാനം ഉപകരിക്കും. ... **(ദീപിക 22/6/2016)**

# ഏകീകൃത സിവിൽ കോഡിനുള്ള ശ്രമം രാജ്യത്തെ മതേതരത്വം തകർക്കും: രമേശ് ചെന്നിത്തല

**തിരുവനന്തപുരം:** ഏകീകൃത വ്യക്തിനിയമം വീണ്ടും പൊടിതട്ടിയെടുക്കാനുള്ള ബിജെപി സർക്കാരിന്റെ നീക്കം ഇന്ത്യൻ ജനത ഉയർത്തിപ്പിടിക്കുന്ന മതേതരത്വം തകർക്കാനേ ഉപകരിക്കുകയുള്ളൂവെന്നു പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല. ജനങ്ങളെ രണ്ടു തട്ടിലാക്കാനേ ഇതു സഹായിക്കൂവെന്ന് അദ്ദേഹം പറഞ്ഞു.

ഏകീകൃത സിവിൽ കോഡ് നടപ്പിലാക്കുന്നതു സംബന്ധിച്ചു റിപ്പോർട്ട് നൽകാൻ ലോ കമ്മീഷനോട് സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്. ഉത്തർപ്രദേശ് നിയമസഭാ തെരഞ്ഞെടുപ്പു മുന്നിൽക്കണ്ടു വൻ വർഗീയ ധ്രുവീകരണത്തിലൂടെ രാഷ്ട്രീയനേട്ടം കൈവരിക്കാനുള്ള സംഘപരിവാർ ശക്തികളുടെ രഹസ്യ അജൻഡ നടപ്പാക്കാനുള്ള ലക്ഷ്യമാണ് ഇതിനു പിന്നിൽ. ബിജെബി സർക്കാർ അധികാരത്തിൽ വന്നപ്പോഴൊക്കെ ഏകീകൃത സിവിൽ കോഡ് നടപ്പാക്കാനുള്ള ശ്രമമുണ്ടായിട്ടുണ്ട്. വിവാഹം, മരണം, സ്വത്തവകാശം എന്നിവ സംബന്ധിച്ച് ഇസ്ലാംമത വിശ്വാസികൾ പിന്തുടരുന്ന പ്രത്യേക വ്യക്തിനിയമമുണ്ട്. ഇതു തകർക്കാനുള്ള ഏതു നീക്കവും ഇന്ത്യയെ തകർക്കാനെ സഹായിക്കൂവെന്നു രമേശ് ചെന്നത്തല പറഞ്ഞു. **(ദീപിക 4/7/2016)**

# യോഗയിൽ മതം കലർത്തുന്നത് എതിർക്കപ്പെടണം:

## കുഞ്ഞാലിക്കുട്ടി

**മലപ്പുറം:** മതവും രാഷ്ട്രീയവും യോഗയിൽ കൂട്ടിക്കലർത്തുന്നതു ശരിയല്ലെന്നും ഇത് എതിർക്കപ്പെടേണ്ടതാണെന്നും മുസ്‌ലിംലീഗ് ദേശീയ ട്രഷറർ പി.കെ. കുഞ്ഞാലിക്കുട്ടി. യോഗയിൽ ഏതെങ്കിലും തരത്തിലുള്ള പ്രാർഥന ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ അതു മതേതരമായിരിക്കണം. യോഗയെ വർഗീയവൽക്കരിക്കാനുള്ള എല്ലാ ശ്രമങ്ങളേയും എതിർക്കുമെന്നും അദ്ദേഹം മലപ്പുറത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. നിലവിളക്ക് കൊളുത്തരുതെന്നു പാർട്ടി പറഞ്ഞിട്ടില്ല, വിളക്ക് കൊളുത്താൻ ആരെയും നിർബന്ധിക്കരുതെന്നു മാത്രമാണു പറഞ്ഞത്. യോഗ ഒരു പരിശീലനമുറയായി ഐക്യരാഷ്ട്രസഭ അംഗീകരിച്ച സാഹചര്യത്തിലാണു മതത്തിനും രാഷട്രീയത്തിനും അതീതമായി പൊതുസമൂഹം ഇതേറ്റെടുത്തിരിക്കുന്നത്. എന്നാൽ ഇക്കാര്യത്തിലുള്ള ബി.ജെ.പിയുടെ സമീപനത്തിൽ ആശങ്കയുണ്ടെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു. ... **(സുപ്രഭാതം 23/6/2016)**

# ബീഫ് കടത്തി എന്നാരോപിച്ച് യുവാക്കളെ ചാണകം തീറ്റിച്ചു

**ന്യൂഡൽഹി:** ഉത്തരേന്ത്യയിൽ വീണ്ടും ബീഫിന്റെ പേരിൽ അക്രമം. പശുവിറച്ചി കടത്തിയെന്നാരോപിച്ച് രണ്ടുയുവാക്കളെ മർദ്ദിച്ചവശരാക്കി പശുവിന്റെ ചാണകവും ഗോമൂത്രവും തീറ്റിച്ചതായാണ് പരാതി. റിസ്വാൻ, മുക്ത്യാർ എന്നീ യുവാക്കൾക്കുനേരേ ഗോരക്ഷാദൾ പ്രവർത്തകരാണ് അക്രമം നടത്തിയത്. ജൂൺ പത്തിനുനടന്ന സംഭവം ചൊവ്വാഴ്ചയാണ് മാധ്യമങ്ങളിലൂടെ പുറംലോകമറിയുന്നത്. ഹരിയനയിലെ മേവാത്തിൽനിന്ന് ഡൽഹിയിലേക്ക് 700 കിലോഗ്രാം ബീഫ് കടത്തിയെന്നായിരുന്നു യുവാക്കൾക്കെതിരെയുള്ള ആരോപണം. ഇവരുടെ വാഹനം കുണ്ട്ലി-മനേസർ-പൽവൽ എക്സ്പ്രസ്സ് പാതയിൽവെച്ചാണ് പിടികൂടിയത്. ഇതിനിടയിൽയുവാക്കളെ മർദിക്കുന്നതിന്റെ ദൃശ്യങ്ങൾ പുറത്തുവന്നു. മർദ്ദിച്ചവശരാക്കിയശേഷം രണ്ടുപേരെയും ഫരീദാബാദ് പോലിസിനുമുന്നിൽ ഹാജരാക്കുകയായിരുന്നു. രണ്ടുപേരെയും അറസ്റ്റുചെയ്തതായി പോലീസ് അറിയിച്ചു. എന്നാൽ, യുവാക്കളെ ചാണകം തീറ്റിച്ചതിന്റെ ദൃശ്യങ്ങളെക്കുറിച്ച് അറിയില്ലെന്നാണ് പോലീസ് പറയുന്നത്. **(മാതൃഭൂമി 29/6/2016)**

# ഏകീകൃത സിവിൽ കോഡ് സ്വാഗതാർഹം: കർദിനാൾ മാർ ജോർജ് ആലഞ്ചേരി

**കൊച്ചി:** മതങ്ങളുടെയും വിശ്വാസങ്ങളുടെയും സ്വാതന്ത്രങ്ങളെ ഹനിക്കാത്ത തരത്തിൽ ഏകീകൃത സിവിൽ കോഡ് നടപ്പിൽ വരുത്തുന്നതു സ്വാഗതാർഹമാണെന്നു സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി അഭിപ്രായപ്പെട്ടു. എല്ലാ വിഭാഗം ജനങ്ങളുടെയും പാരമ്പര്യങ്ങളെയും അനുഷ്ഠാനങ്ങളെയും ആചാരങ്ങളെയും നിലനിർത്തിക്കൊണ്ടുതന്നെ ഏകീകൃത സിവിൽ കോഡ് നടപ്പാക്കാനാണു സർക്കാർ ശ്രദ്ധിക്കേണ്ടത്. ഇക്കാര്യത്തിൽ അഭിപ്രായ സമന്വയം രൂപപ്പെടുത്തേണ്ടതുണ്ടെന്നും കർദ്ദിനാൾ ചൂണ്ടിക്കാട്ടി. **(ദീപിക 4/7/2016)**

# ബാലനീതി നിയമം: കേരളത്തിലെ സാഹചര്യങ്ങളും പരിഗണിക്കണം

**ഫാ. റോയി മാത്യു വടക്കേൽ**, *ചെയർമാൻ, ഓർഫനേജ് കൺട്രോൾ ബോർഡ്*

സർക്കാരിന്റെ ബാലനീതി നിയമത്തെ എതിർക്കാൻ നാം ആഗ്രഹിക്കുന്നില്ല. എന്നാൽ, നിയമത്തിന്റെ പരിധിയിൽ വരാത്ത കുട്ടികൾക്കുള്ള സ്ഥാപനങ്ങളെ ഈ നിയമത്തിന്റെ കീഴിൽ എന്തിനു കൊണ്ടുവരണം എന്ന ചോദ്യമുണ്ട്. കേരളത്തിൽ 1,195 സ്ഥാപനങ്ങളാണ് ഓർഫനേജ് കൺട്രോൾ ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. ഈ സ്ഥാപനങ്ങളിലായി 52,500 കുട്ടികളാണുള്ളത്. ഇതിൽ 80 ശതമാനത്തിലധികം കുട്ടികളും ആർട്ടിക്കിൾ 214-ൽ 12 കാറ്റഗറികളിലോ നിയമപരമായ പ്രതിസന്ധിയിലെ ഉൾപ്പെടുന്ന കുട്ടികളല്ല. അങ്ങനെയെങ്കിൽ അവർക്കു പ്രത്യേകമായ ഒരു സംവിധാനമുണ്ടാക്കി ആ കുട്ടികൾക്കു പഠിക്കാനുള്ള സാഹചര്യം ഉണ്ടാക്കണം.

ആർട്ടിക്കിൾ 214- 12 കാറ്റഗറിയിൽപ്പെടുന്ന ഒരു കുട്ടിയെങ്കിലും സ്ഥാപനത്തിൽ ഉണ്ടെങ്കിൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യണമെന്നു വ്യവസ്ഥയുണ്ട്. അതിനുവേണ്ടത് ഓരോ ജില്ലയിലും ഇങ്ങനെയുള്ള കുട്ടികൾക്കുവേണ്ടി ഓന്നോ അതിലധികമോ സ്ഥാപനങ്ങൾ സർക്കാർ ആരംഭിക്കുക എന്നതാണ്. അല്ലെങ്കിൽ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷനിലൂടെ (പിപിപി) സന്നദ്ധ സംഘടനകളെ കണ്ടെത്തി സർക്കാർ അവർക്കു നിയമപരമായി സ്ഥാപനങ്ങൾ നടത്താൻ അനുമതി കൊടുക്കുകയും ഫണ്ടു നൽകുകയും വേണം. ഈ നിയമത്തിന്റെ കാഠിന്യം കൊണ്ട് അനവധി സ്ഥാപനങ്ങൾ സ്വയം നിർത്തലാക്കിക്കഴിഞ്ഞു. ജൂലൈ 15-നു ശേഷം നിലവിലുള്ള സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യണം. അല്ലെങ്കിൽ നിർത്തണം എന്നാണ് ഇപ്പോൾ നിഷ്ക്കർഷിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഇവിടെ സർക്കാർ ഇതിനുപയുക്തമായ ഒരു നയം രൂപീകരിക്കുകയാണു വേണ്ടത്. നിയമത്തെ ഖണ്ഡിക്കാതെ കേരളത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ കേരളത്തിൽ മാത്രമുള്ള പ്രതിഭാസം എന്ന നിലയിൽ കണ്ട് നയം രൂപീകരിക്കുക. അതല്ലെങ്കിൽ ഭൂരിപക്ഷം സ്ഥാപനങ്ങളും നിർത്തേണ്ടിവരും. അപ്പോൾ പാവപ്പെട്ട കുട്ടികൾക്കു കിട്ടിക്കൊണ്ടിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും അത്തരത്തിലുള്ള എല്ലാ സംവിധാനങ്ങളും നഷ്ടപ്പെടുകയും അവർ വഴിയാധാരമാകുകയും ചെയ്യും. .... **(ദീപിക 2/7/2016)**

## കെസിബിസി വാർത്തകൾ

# സ്നേഹത്തിന്റെ സന്തോഷം പ്രകാശനം ചെയ്തു

**കൊച്ചി:** കുടുംബങ്ങൾക്ക് അവയുടെ അനുദിന കർമ്മങ്ങളിലും വെല്ലുവിളികളിലും സഹായവും പ്രോത്സാഹനവുമാവുക എന്ന ലക്ഷ്യത്തോടെ ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച സ്നേഹത്തിന്റെ സന്തോഷം എന്ന പ്രബോധന രേഖയുടെ മലയാള പരിഭാഷ പിഒ.സി. പ്രസിദ്ധീകരിച്ചു. പുസ്തകത്തിന്റെ പ്രകാശനം ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് ജീവ മരിയ ജോയിക്ക് കോപ്പി നല്കി നിർവഹിച്ചു.

2014, 2015 വർഷങ്ങളിൽ കുടുംബത്തെക്കുറിച്ച് രണ്ട് ഘട്ടങ്ങളിലായി റോമിൽ നടന്ന മെത്രാന്മാരുടെ സിനഡുകളിൽ നിന്നുള്ള ചിന്തകളും ചർച്ചകളും ഇതിൽ ക്രോഡീകരിച്ചിരിക്കുന്നു. കുടുംബങ്ങൾക്കുള്ള ശുശ്രൂഷയിൽ കാലാനുസൃതമായി വരേണ്ട ശൈലീ മാറ്റത്തെ ഫ്രാൻസിസ് പാപ്പാ ഊന്നിപ്പറയുന്നു. കുടുംബപ്രശ്നങ്ങളെ സമീപിക്കുമ്പോൾ നൈയാമിക പരിഹാരങ്ങളെക്കാൾ മനസ്സാക്ഷിയുടെ സ്വരത്തിന് പ്രാധാന്യം നല്കാനും ദൈവകൃപയിൽ ആശ്രയിക്കാനും പാപ്പാ ദമ്പതികളെ ആഹ്വാനം ചെയ്യുന്നു. പുസ്തകത്തിന്റെ പരിഭാഷ പിഒസിയിൽ ലഭ്യമാണ്. **(കെസിബിസി, ദീപിക, 14/6/2016)**



'സ്നേഹത്തിന്റെ സന്തോഷം' എന്ന പുസ്തകത്തിന്റെ പ്രകാശനം ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് ജീവ മരിയ ജോയിക്ക് കോപ്പി നല്കി നിർവഹിക്കുന്നു. ഫാ. യേശുദാസ് പഴമ്പിള്ളി, ഫാ. തോംസൺ പഴയചിറപീടികയിൽ, ഫാ. വർഗീസ് വള്ളിക്കാട്ട്, ഫാ. ജോർജ് കുരുക്കൂർ, ശ്രീ. കുര്യച്ചൻ പുതുക്കാട്ടിൽ, ശ്രീ. ഷാജി മാലിപ്പാറ, ഡോ. എഡ്വേഡ് എടേഴത്ത്, ശ്രീ. ജുബിൻ റെജി എന്നിവർ സമീപം

# കുടുംബങ്ങൾ സ്നേഹാലയമാകണം: ബിഷപ്പ് ഡോ. ജോസഫ് കാരിക്കശ്ശേരി

**കൊച്ചി:** കുടുംബജീവിതത്തിന്റെ വെല്ലുവിളികൾ അതിജീവിക്കാൻ കുടുംബങ്ങൾ സ്നേഹത്തിന്റെയും കരുതലിന്റെയും ആലയങ്ങളാകണമെന്ന് കോട്ടപ്പുറം രൂപതാധ്യക്ഷൻ ഡോ. ജോസഫ് കാരിക്കശ്ശേരി. സ്നേഹത്തിന്റെ സന്തോഷം കെട്ടുപോകാതിരിക്കാൻ കുടുംബങ്ങൾ വിശ്വാസത്തിൽ അടിയുറച്ചു വളരണമെന്നും, ദൈവം ഒരിക്കലും തന്റെ കരുണയുടെ വാതിൽ മനുഷ്യനുനേരെ അടച്ചു കളയുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. ഫ്രാൻസിസ് പാപ്പായുടെ ഏറ്റവും പുതിയ അപ്പോസ്തോലിക ആഹ്വാനമായ സ്നേഹത്തിന്റെ സന്തോഷത്തെക്കുറിച്ചുള്ള ത്രിദിന പഠനശിബിരം പിഒസിയിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗ്ഗീസ് വള്ളിക്കാട്ട് അധ്യക്ഷത വഹിച്ചു. **(കെസിബിസി, ദീപിക, 25/6/2016)**



ഫ്രാൻസീസ് പാപ്പായുടെ അപ്പോസ്തോലിക ആഹ്വാനമായ സ്നേഹത്തിന്റ സന്തോഷത്തെക്കുറിച്ചുള്ള ത്രിദിന പഠനശിബിരം പിഒസിയിൽ കോട്ടപ്പുറം രൂപതാധ്യക്ഷൻ ഡോ. ജോസഫ് കാരിക്കശ്ശേരി ഉദ്ഘാടനം ചെയ്യുന്നു. ഫാ. പോൾ മാടശ്ശേരി, ശ്രീ മാത്തപ്പൻ, ഫാ. വർഗീസ് വള്ളിക്കാട്ട്, സി. നവ്യ സി.റ്റി.സി., ഫാ. ഷിബു സേവ്യർ ഒസിഡി എന്നിവർ സമീപം

# കെസിബിസി മാധ്യമ അവാർഡുകൾ വിതരണം ചെയ്തു

**കൊച്ചി:** കെസിബിസി മാധ്യമ കമ്മീഷന്റെ 26-ാമത് മാധ്യമ അവാർഡ് വിതരണവും 50-ാമത് മാധ്യമദിനാഘോഷവും പാലാരിവട്ടം പിഒസിയിൽ സംഘടിപ്പിച്ചു. മാധ്യമ അവാർഡ് ദീപിക കോട്ടയം ബ്യൂറോ ചീഫ് റെജി ജോസഫിന് മാധ്യമകമ്മീഷൻ ചെയർമാൻ ബിഷപ് ഡോ. സെബാസ്റ്റ്യൻ തെക്കത്തേച്ചേരിൽ സമ്മാനിച്ചു. സാഹിത്യ അവാർഡ് പ്രഫ. ജോയിക്കുട്ടി പാലത്തുങ്കലിനും ദാർശനിക-വൈജ്ഞാനിക അവാർഡ് ഡോ.സ്കറിയ സക്കറിയയ്ക്കും യുവപ്രതിഭ അവാർഡ് നിവിൻ പോളിക്കും ഗുരുപൂജാ പുരസ്കാരങ്ങൾ റവ.ഡോ.ജസ്റ്റിൻ പനക്കൽ, റവ.ഡോ.ജേക്കബ് തെക്കേപ്പറമ്പിൽ, ഡോ.ബിയാട്രിക്സ് അലക്സിസ്, ബ്രദർ മാവുരൂസ് മാളിയേക്കൽ, ജോസ് വരാപ്പുഴ എന്നിവർക്കും ബിഷപ് സമ്മാനിച്ചു. ബിഷപ് ഡോ. തെക്കത്തേച്ചേരിൽ അധ്യക്ഷത വഹിച്ച ചടങ്ങ് മേയർ സൗമിനി ജെയിൻ ഉദ്ഘാടനം ചെയ്തു. **(ദീപിക 20/6/ 2016)**



ശ്രീ. ജോസ് വരാപ്പുഴ, ഫാ. ജേക്കബ് തെക്കേപ്പറമ്പിൽ, ഫാ. വർഗീസ് വള്ളിക്കാട്ട്, ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ, മേയർ ശ്രീമതി സൗമിനി ജെയിൻ, ഡോ. സ്കറിയ സക്കറിയ, ശ്രീ. റെജി ജോസഫ്, പ്രൊഫ. ജോയിക്കുട്ടി പാലത്തുങ്കൽ, ബ്ര. മാവുരൂസ് മാളിയേക്കൽ, ഡോ. ബിയാട്രിക്സ് അലക്സിസ്, ഫാ. ആന്റണി വിബിൻ, ഡോ. ജസ്റ്റിൻ പനക്കൽ

# പിഒസി-യിൽ തിയോളജിക്കൽ അസ്സോസിയേഷൻ രൂപീകരിച്ചു

**കേരള** തിയോളജിക്കൽ അസ്സോസിയേഷന്റെ ആദ്യത്തെ ജനറൽ ബോഡി യോഗം 2016 ജൂൺ 30-ാം തീയതി പിഒസിയിൽ ഉദ്ഘാടനം ചെയ്തു. കേരള കത്തോലിക്കാ സഭയിലെ ദൈവശാസ്ത്രജ്ഞരുടെ പൊതുസംഘമായിട്ടാണ് ഇതിനെ വിഭാവന ചെയ്തിരിക്കുന്നത്. ഡോ. വിൻസെന്റ് കുണ്ടുകുളത്തിനെ പ്രസിഡന്റായും ഡോ. ആർദ്രയെ വൈസ് പ്രസിഡന്റായും ഡോ. ജേക്കബ് നാലുപറയിലിനെ സെക്രട്ടറിയായും ഡോ. സൂസി കിണറ്റിങ്കലിനെ ട്രഷററായും, ഡോ. ജോൺ പടിപ്പുര, ഡോ. ലോറൻസ് കുലാസ്, ഡോ. മരിയ ആന്റോ, ഡോ. ടോണി നീലങ്കാവിൽ, ഡോ. സിപ്രിയാൻ ഫെർണാണ്ടസ് എന്നിവരെ എക്സിക്യൂട്ടീവ് അംഗങ്ങളായും യോഗം തിരഞ്ഞെടുത്തു. ഡോ. ജേക്കബ് പറപ്പള്ളി, ഡോ. ജയിംസ് കുലാസ്, ഡോ. ഭവ്യ എന്നിവർ യോഗത്തിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ബിഷപ് അബ്രാഹാം മാർ യൂലിയോസ്, ബിഷപ് മാർ പോളി കണ്ണൂക്കാടൻ എന്നിവരുടെ നതൃത്വത്തിലാണ് യോഗം നടന്നത്. **(കെസിബിസി, ദീപിക, 1/7/2016)**



കേരള തിയോളജിക്കൽ അസ്സോസിയേഷന്റെ ജനറൽ ബോഡി യോഗം പിഒസിയിൽ ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ ഉ്ഘാടനം ചെയ്യുന്നു. ഡോ. വിൻസെന്റ് കുണ്ടുകുളം, ഡോ. മത്തായി കടവിൽ, ഫാ. വർഗീസ് വള്ളിക്കാട്ട്, ഡോ. ജേക്കബ് നാലുപറയിൽ, ഡോ. മരിയ ആന്റോ, ഡോ. ഉദയ, ഡോ. സൂസി കിണറ്റിങ്കൽ എന്നിവർ സമീപം

# പി.ഒ.സി-യിൽ മനഃശാസ്ത്രകോഴ്സ് ആരംഭിച്ചു

**കേരള** കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയമായ പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ മനഃശാസ്ത്ര സർട്ടിഫിക്കറ്റ് കോഴ്സ് ജൂലൈ 2-ാംതീയതി ആരംഭിക്കുച്ചു. എല്ലാ ശനിയാഴ്ചകളിലും ഉച്ചകഴിഞ്ഞ് 2.00 മുതൽ 5.00 വരെയാണ് ക്ലാസ്സ് സമയം. സ്വന്തം വ്യക്തിത്വത്തെ രൂപപ്പെടുത്തുവാനും മറ്റുള്ളവരെ മാനസികമായി സഹായിക്കാനും ഈ കോഴ്സ് ഉപകരിക്കും. മാനസികാരോഗ്യം, കൗൺസിലിങ്ങ് പരിശീലനം, വ്യക്തിത്വ വികാസം, മാനസിക സംഘർഷം കൈകാര്യം ചെയ്യൽ, ഗ്രൂപ്പ് ഡൈനാമിക്സ്, റ്റി.എ., എൻ.എൽ.പി. തുടങ്ങിയ വിഷയങ്ങൾ ഈ കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# പി.ഒ.സി-യിൽ സായാഹ്ന ബൈബിൾ ക്ലാസ് ആരംഭിച്ചു

**കെസിബിസി** ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബുധൻ സായാഹ്ന ബൈബിൾ കോഴ്സിന്റെ ഉദ്ഘാടനകർമ്മം ജൂൺ 8-ാം തീയതി മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ ക്ലീമിസ് കതോലിക്കാബാവ നിർവഹിച്ചു.

# കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ കോട്ടയം സോണൽ മീറ്റിംഗ് ചങ്ങനാശ്ശേരിയിൽ

**കെ.**സി.ബി.സി. ഐക്യജാഗ്രതാകമ്മീഷൻ കോട്ടയം മേഖല മീറ്റിംഗ് ചങ്ങനാശ്ശേരി ആർച്ച് ബിഷപ്ഹൗസ്സിൽ വച്ച് 2016 ജൂലൈ 7 വ്യാഴാഴ്ച 10 മുതൽ 3 വരെ നടത്തപ്പെടുന്നു. ചങ്ങനാശ്ശേരി ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം അദ്ധ്യക്ഷതവഹിക്കുന്ന മീറ്റിംഗിൽ ആർച്ച്ബിഷപ് മാർ ജോസഫ് പൗവ്വത്തിൽ അനുഗ്രഹപ്രഭാഷണം നടത്തും.